

## പരിശുദ്ധപിതാവ് ഫ്രാൻസിസ്പാപ്പ
## നയിക്കുന്ന

# കുരിശിന്റെ വഴി 2020

**ദുഃഖവെള്ളി**

**വിശുദ്ധ പത്രോസിന്റെ ചത്വരം, 10 ഏപ്രിൽ 2020**

*മലയാളവിവർത്തനം:*
ഫാ. ഫ്രാൻസിസ് അയ്മനം, ഒ.സി.ഡി.
ടി. ദേവപ്രസാദ്

കവർചിത്രം:ക്രിസ്തുവിന്റെ കുരിശുമരണം, ഫ്ളോറെൻസിലെ ആൻഡ്രൂ, കുരിശിൻചുവട്ടിൽ: പരിശുദ്ധമറിയം, വിശുദ്ധ യോഹന്നാൻ, ഒരു ഡൊമിനിക്കൻ സന്യാസി (1370-1377)
© Governatorato S.C.V. - Direzione dei Musei Vaticani

© Copyright 2020 - Carmel International Publishing House, Trivandrum, India
© Copyright 2020 - Libreria Editrice Vaticana 00120 Città del Vaticano Tel. 06.698.45780 - Fax 06.698.84716 E-mail: commerciale.lev@spc.va ISBN 978-88-266-0405-3 www.vatican.va www.libreriaeditricevaticana.va

# കുരിശിന്റെ വഴി

ഈ വർഷത്തെ കുരിശിന്റെ വഴിക്കുള്ള പ്രാർത്ഥനകൾ തയ്യാറാക്കിയത് പാദുവായിലുള്ള തടവുകാരുടെ കേന്ദ്രമായ ഡുവെ പലാസിയിലെ (Due Palazzi) ആത്മീയാശുശ്രൂഷാവിഭാഗമാണ്. തങ്ങളുടെ ജീവിതാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ നമ്മുടെ കർത്താവിന്റെ പീഡാനുഭവങ്ങളെക്കുറിച്ചുള്ള പ്രാർത്ഥനകൾ തയ്യാറാക്കുവാൻ ഫ്രാൻസീസ് മാർപാപ്പ 14 പേരെ നിയോഗിച്ചു. അവരിൽ അഞ്ചുപേർ തടവുകാരാണ്; കൂടാതെ കൊലപാതകത്തിന് ഇരയായ ഒരു കുടുംബം, ജീവപര്യന്തം തടവിന് വിധിക്കപ്പെട്ട ഒരാളുടെ മകൾ, ജയിലിലെ അധ്യാപകനായ ഒരാൾ, ഒരു സിവിൽ മജിസ്ട്രേറ്റ്, ഒരു തടവുകാരന്റെ അമ്മ, ഒരു വേദപാഠാധ്യാപകൻ, സന്നദ്ധപ്രവർത്തകനായ ഒരു സന്യാസസഹോദരൻ, ഒരു തടവറസൂക്ഷിപ്പുകാരൻ, എട്ടുവർഷത്തെ ശിക്ഷ അനുഭവിച്ചശേഷം അവസാനം നിരപരാധിയായി കുറ്റവിമുക്തനാക്കപ്പെട്ട ഒരു വൈദികൻ എന്നിവരായിരുന്നു അവർ.

കുരിശിന്റെ വഴിയിലൂടെ ക്രിസ്തുവിനോടൊപ്പം യാത്ര ചെയ്യുമ്പോൾ, തടവറയ്ക്കുള്ളിൽ നിന്നുള്ളവരുടെ പരുക്കനായ ശബ്ദം ജീവനും മരണവും തമ്മിലുള്ള മഹായുദ്ധം കാണുവാനും, നന്മയുടെയും തിന്മയുടെയും നാരുകൾ എങ്ങനെയാണ് പരസ്പരം ഇഴചേർന്നിരിക്കുന്നത് എന്നു മനസിലാക്കുവാനും നമുക്ക് അവസരമാകുന്നു. ഇരുമ്പഴികൾക്കുള്ളിൽനിന്നുമുള്ള കാൽവരി ധ്യാനം, നല്ല കള്ളന്റെ ജീവിതത്തിലെന്നപോലെ, ഏതാനും നിമിഷങ്ങൾകൊണ്ടുമാത്രം ഒരു നീണ്ട ജിവിതം മുഴുവൻ അവതരിപ്പിക്കാനാകും എന്ന് വ്യക്തമാക്കുകയാണ്. അതിനു ആവശ്യമായിരിക്കുന്നത് ഈ നിമിഷങ്ങളെ സത്യം കൊണ്ടു നിറയ്ക്കുകയാണ് എന്നതാണ്: ചെയ്തുപോയ പാപങ്ങളെക്കുറിച്ചുള്ള അനുതാപം, മരണം എന്നത്തേയ്ക്കുമുള്ളതല്ല എന്ന തിരിച്ചറിവ്, നിരപരാധിയായ മനുഷ്യൻ അന്യായമായി നിന്ദിക്കപ്പെട്ടതാണ് ക്രിസ്തു എന്ന ഉറപ്പ് എന്നിവയാണ് ആ സത്യത്തിൽ ഉൾച്ചേരുന്ന ഘടകങ്ങൾ. വിശ്വസിക്കുന്നവന് എല്ലാം സാധ്യമാണ്. കാരണം തടവറയ്ക്കുള്ളിലെ അന്ധകാരത്തിലും ''ദൈവത്തിന് ഒന്നും അസാധ്യമല്ല" (ലൂക്ക 1:37) എന്ന പ്രത്യാശാപൂരിതമായ പ്രഘോഷണം പ്രതിധ്വനിക്കുന്നു. അവർക്കായി സഹായഹസ്തം നീട്ടുവാൻ ആരെങ്കിലും ഉണ്ടായാൽ അതിഹീനമായ കുറ്റകൃത്യം ചെയ്തുപോയവ

നും ആർക്കും സ്വപ്നം കാണാനാവാത്ത ഉത്ഥാനം സാധ്യമാണ്. നമുക്ക് ഒരു കാര്യം തീർച്ചയാണ്. "തിന്മയെക്കുറിച്ച് നാം സംസാരിക്കുമ്പോഴും വീണ്ടെടുപ്പിനുള്ള സാധ്യത അവശേഷിപ്പിക്കുവാൻ നമുക്ക് പഠിക്കാം. തിന്മയ്ക്കു നടുവിലും നന്മയുടെ പ്രവർത്തനം നമുക്കു തിരിച്ചറിയാനാവുകയും അതിന് ഇടം കൊടുക്കാനാവുകയും ചെയ്യും. *(2020 ലെ ലോകമാധ്യമദിനത്തിനുള്ള ഫ്രാൻസീസ് മാർപാപ്പയുടെ സന്ദേശം.)*

അങ്ങനെ *കുരിശിന്റെ വഴി പ്രകാശത്തിന്റെ വഴിയാകുന്നു.*

പ്രാർത്ഥനകൾ ക്രോഡീകരിച്ചത് ചാപ്ലെൻ ഫാ. മാർക്കോ പോസ്സായും സന്നദ്ധപ്രവർത്തകൻ തസിയാന മാരിയോയും ചേർന്നാണ്. പ്രഥമപുരുഷനിലാണ് അവ തയ്യാറാക്കപ്പെട്ടിരിക്കുന്നത്. എന്നാൽ ഈ ധ്യാനത്തിൽ പങ്കെടുക്കുന്നവരുടെ പേരുകൾ ഉൾപ്പെടുത്തേണ്ടതില്ല എന്ന് തീരുമാനിക്കപ്പെട്ടു. ലോകത്തിന്റെ ഏതു ഭാഗത്തുനിന്നും സമാനസാഹചര്യങ്ങളിൽ ആയിരുന്നുകൊണ്ട് ഈ ധ്യാനത്തിൽ പങ്കെടുക്കുന്ന ഏവർക്കും ഇത് അവരുടെ സ്വന്തം സ്വരമായി തിരിച്ചറിയുന്നതിനുവേണ്ടിയാണ് അങ്ങനെ തീരുമാനിക്കപ്പെട്ടത്. ഈ സായാഹ്നത്തിൽ തടവറയുടെ നിശബ്ദതയിൽ, എല്ലാവരുടെയും സ്വരമാകുവാൻ അവിടുന്ന് ആഗ്രഹിക്കുന്നതിന്റെ സാക്ഷ്യം.

*നമുക്ക് പ്രാർത്ഥിക്കാം.*

*സർവ്വശക്തനായ ദൈവമേ,*

*അവിടുത്തെ തിരുക്കുമാരനായ യേശുക്രിസ്തുവിൽ*

*അവിടുന്ന് മാനവകുലത്തിന്റെ വേദനകളും മുറിവുകളും ഏറ്റെടുത്തു.*

*ഇന്ന് നല്ല കള്ളനെപ്പോലെ ഞാൻ സധൈര്യം അങ്ങയെ വിളിച്ചപേക്ഷിക്കുന്നു. "എന്നെയും ഓർക്കണമെ"*

*ഇവിടെ, ഈ ഇരുണ്ട തടവറയിൽ അങ്ങയുടെ തിരുസന്നിധിയിൽ ഞാൻ തനിച്ചാണ്. ദരിദ്രനും നഗ്നനും വിശക്കുന്നവനും പരിത്യക്തനും ആണ്. എന്റെ മുറിവുകളിലേക്ക് അവിടുത്തെ പാപക്ഷമയുടെയും സാന്ത്വനത്തിന്റെയും തൈലം പുരട്ടണമെ. ഹൃദയത്തെ ബലപ്പെടുത്തുന്ന സഹാനുഭാവത്തിന്റെ വീഞ്ഞു പകരണമെ. അവിടുത്തെ കൃപയാൽ എന്നെ സുഖപ്പെടുത്തണമെ. നിരാശയുടെ നടുവിലും പ്രത്യാശിക്കുവാൻ പഠിപ്പിക്കണമെ.*

*എന്റെ കർത്താവേ എന്റെ ദൈവമെ, ഞാൻ അങ്ങിൽ*

*വിശ്വസിക്കുന്നു. എന്റെ വിശ്വാസക്കുറവ് പരിഹരിക്കണമെ.*

*കരുണാർദ്രനായ പിതാവേ, എന്നിലുള്ള വിശ്വാസം തുടരണമെ. എനിക്ക് പുത്തൻ അവസരങ്ങൾ ലഭ്യമാക്കണമെ. അവിടുത്തെ അനന്തസ്നേഹത്തിൽ എന്നെ പുണരണമെ.*

*അവിടുത്ത സഹായത്താലും പരിശുദ്ധാത്മാവിന്റെ ദാനങ്ങളാലും എന്റെ സഹോദരീസഹോദരങ്ങളിൽ അങ്ങയെ തിരിച്ചറിയുവാനും ശുശ്രൂഷിക്കുവാനും ഞാനും പ്രാപ്തനാകട്ടെ. ആമ്മേൻ*

### ഒന്നാം സ്ഥലം

## ഈശോ മരണത്തിന് വിധിക്കപ്പെടുന്നു

*(ജീവപര്യന്തം തടവുശിക്ഷ അനുഭവിക്കുന്ന ഒരു തടവുകാരന്റെ വിചിന്തനം)*

*യേശുവിനെ വിട്ടയയ്ക്കണം എന്നാഗ്രഹിച്ചുകൊണ്ട് പീലാത്തോസ് ഒരിക്കൽക്കൂടി അവരോടു സംസാരിച്ചു. അവരാകട്ടെ, അവനെ ക്രൂശിക്കുക, അവനെ ക്രൂശിക്കുക എന്നു വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. പീലാത്തോസ് മൂന്നാംപ്രാവശ്യവും അവരോടു ചോദിച്ചു: അവൻ എന്തു തിന്മ പ്രവർത്തിച്ചു? വധശിക്ഷ അർഹിക്കുന്ന ഒരു കുറ്റവും ഞാൻ അവനിൽ കണ്ടില്ല. അതുകൊണ്ട് ഞാൻ അവനെ ചമ്മട്ടികൊണ്ട് അടിപ്പിച്ചു വിട്ടയയ്ക്കും. അവനെ ക്രൂശിക്കണമെന്ന് അവർ നിർബന്ധപൂർവ്വം ഉച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. അവസാനം അവരുടെ നിർബന്ധംതന്നെ വിജയിച്ചു. അവർ ആവശ്യപ്പെട്ടത് അനുവദിച്ചുകൊടുക്കുവാൻ പീലാത്തോസ് തീരുമാനിച്ചു. അവർ ആവശ്യപ്പെട്ട മനുഷ്യനെ – കലാപത്തിനും കൊലപാതകത്തിനും കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടിരുന്നവനെ – അവൻ വിട്ടയയ്ക്കുകയും യേശുവിനെ അവരുടെ ഇംഗിതത്തിന് ഏൽപ്പിച്ചുകൊടുക്കുകയും ചെയ്തു (ലൂക്ക 23:20–25).*

ഇന്നും നമ്മുടെ കോടതിമുറികളിലൂം മാധ്യമങ്ങളിലൂം ആ നിലവിളി ഉയരുന്നു: "ക്രൂശിക്കുക, അവനെ ക്രൂശിക്കുക." ഈ ആക്രോശം എനിക്കെതിരെയും ഉയർന്നു. എന്റെ പിതാവിനോടൊപ്പം ഞാനും ജീവപര്യന്തം തടവിന് വിധിക്കപ്പെട്ടു. ഒരു കുട്ടിയായിരിക്കുമ്പോൾത്തന്നെ തുടങ്ങിയതാണ് എന്റെ ക്രൂശിക്കൽ. ഭൂതകാലത്തി

ലേക്കു നോക്കുമ്പോൾ സ്കൂൾബസ്സിൽ ചുരുണ്ടുകൂടിയിരുന്നത് ഞാൻ ഓർക്കുന്നു. സംസാരതടസ്സം സൃഷ്ടിക്കുന്ന വിക്ക് കാരണം ഞാൻ ഒറ്റപ്പെടുത്തപ്പെട്ടു. എനിക്ക് കൂട്ടുകാർ ഉണ്ടായിരുന്നില്ല. കുഞ്ഞായിരിക്കുമ്പോൾത്തന്നെ ജോലി ചെയ്തുതുടങ്ങി. പഠിക്കാൻ അവസരം ഉണ്ടായില്ല. അജ്ഞത എന്റെ നൈർമ്മല്യത്തെ കീഴടക്കി. 1970 കളിൽ കലാബ്രിയായിൽ ജനിച്ച ഈ കുട്ടിയിൽ ബാല്യത്തിന്റെ നന്മകളെല്ലാം മുട്ടാളസ്വഭാവം കവർന്നു. ഞാൻ ക്രിസ്തുവിനെപ്പോലെ എന്നതിനെക്കാൾ ബറബാസിനെപ്പോലെയാണ്. എങ്കിലും ഏറ്റവും കഠിനമായ കുറ്റപ്പെടുത്തൽ എന്റെ മനസാക്ഷിയുടേതാണ്. രാത്രിയിൽ ഞാൻ കണ്ണുതുറന്നുകിടക്കും. എന്റെ കഥയുടെ മേൽ ഒരു പ്രകാശകിരണം പതിക്കുന്നതു കാണാൻ ഞാൻ നിരാശയോടെ പരതും.

എന്റെ സെല്ലിൽ ഒറ്റയ്ക്കിരുന്ന് യേശുവിന്റെ പീഡാനുഭവത്തിന്റെ ചരിത്രം ആവർത്തിച്ചുവായിക്കുമ്പോൾ ഞാൻ പൊട്ടിക്കരയാറുണ്ട്. തടവറയിലെ 29 വർഷം പിന്നിട്ടിട്ടും, എനിക്കു കരയാനുള്ള ശേഷിയോ എന്റെ കഴിഞ്ഞകാലചരിത്രത്തെക്കുറിച്ചും ഞാൻ പ്രവർത്തിച്ച ക്രൂരതയെക്കുറിച്ചും ലജ്ജിക്കുവാനോ ഉള്ള ശേഷിയോ കൈമോശം വന്നിട്ടില്ല. എല്ലാം എന്റെ പ്രവൃത്തിയാണ് എന്ന് അറിയുമ്പോഴും എന്റെ ഭൂതകാലസ്മരണകളിൽ ഞാൻ ലജ്ജിച്ചുപോകുന്നു. ഞാൻ എന്ന വ്യക്തിയിൽ ബറാബാസും പത്രോസും യൂദാസുമൊക്കെ നിറയുന്നത് ഞാൻ സ്വയം നോക്കിക്കാണുന്നു. ജയിൽഭരണവകുപ്പിലെ 41 ബി നിയമമനുസരിച്ചു ഞാൻ വർഷങ്ങളായി കഠിനതടവിലാണ്. ഈ സാഹചര്യത്തിലാണ് എന്റെ പിതാവ് മരിച്ചതും. പലപ്പോഴും രാത്രികളിൽ സെല്ലിൽ കിടന്ന് അദ്ദേഹം തേങ്ങുന്നത് ഞാൻ കേട്ടിട്ടുണ്ട്. അദ്ദേഹം അതു മറയ്ക്കാൻ നോക്കിയിരുന്നു. എങ്കിലും അക്കാര്യം എനിക്കറിയാം. ഞങ്ങൾ രണ്ടാളും ആഴമായ അന്ധകാരത്തിലേക്ക് നിപതിച്ചവരാണ്. ജീവനില്ലാത്ത ആ സാഹചര്യത്തിലും ജീവനുള്ള എന്തിനെങ്കിലും വേണ്ടി ഞാൻ എപ്പോഴും തേടിക്കൊണ്ടിരുന്നു. അത്ഭുതമെന്ന് പറയട്ടെ, തടവറ എനിക്ക് രക്ഷയായിരുന്നു. ചിലർക്ക് ഞാൻ ഇന്നും ബറാബാസാണ്. അത് എന്നെ ഒട്ടും ക്ഷുഭിതനാക്കുന്നില്ല. എന്നാൽ എനിക്കറിയാം, എന്നെപ്പോലെ വിധിക്കപ്പെട്ട നിരപരാധിയായവൻ തടവറയിലേക്ക് എന്നെ കാണുവാൻ വന്നത് ജീവിതത്തെക്കുറിച്ച് എന്നെ പഠിപ്പിക്കുവാനാണ്.

*കർത്താവായ ഈശോയെ, അങ്ങയെ ക്രൂശിക്കുവാൻ മുറവിളികൂട്ടുന്നവർക്കിടയിലൂടെ അങ്ങയെ ഞങ്ങൾ ഒരു നോക്കുകാണുന്നു. ഒരുപക്ഷേ ഞങ്ങളും അക്കൂട്ടത്തിൽ ഉണ്ടാവാം. ഞങ്ങൾ ചെയ്തുപോയേക്കാവുന്ന തിന്മയെകുറിച്ച് ഞങ്ങൾ അന്ധരായിരിക്കാം. ഞങ്ങളുടെ സെല്ലുകളിലിരുന്ന് അങ്ങയെപ്പോലെ മരണത്തിന് വിധിക്കപ്പെടുന്ന എല്ലാവർക്കും തങ്ങളുടെ ജീവിതവിധിയെ അങ്ങ് ഏറ്റുവാങ്ങിയ പരമമായ വിധിക്കു പകരമായി കരുതുന്ന എല്ലാവർക്കുംവേണ്ടിയും അവിടുത്തെ ദൈവപിതാവിനോട് പ്രാർത്ഥിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.*

*നമുക്ക് പ്രാർത്ഥിക്കാം.*

*ജീവനെ സ്നേഹിക്കുന്ന നല്ലദൈവമേ, അനുരഞ്ജനത്തിന്റെ കൂദാശയിലൂടെ അവിടുത്തെ അനന്തമായ കാരുണ്യം മനസിലാക്കുവാൻ അവിടുന്ന് എപ്പോഴും ഞങ്ങൾക്ക് പുത്തൻ അവസരം തരുന്നു. എല്ലാ സ്ത്രീപുരുഷന്മാരിലും അവിടുത്തെ ആത്മാവിന്റെ ആലയം കാണുവാനും, അവരുടെ അലംഘ്യമായ മഹത്വം മനസിലാക്കുവാനുമുള്ള ജ്ഞാനം ഞങ്ങൾക്കു നല്കണമെ. കർത്താവായ ക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന കേട്ടരുളേണമേ. ആമ്മേൻ*

### രണ്ടാം സ്ഥലം

## ഈശോ കുരിശു ചുമക്കുന്നു

*(സ്വപുത്രി കൊലചെയ്യപ്പെട്ട മാതാപിതാക്കാളുടെ വിചിന്തനം)*

*അനന്തരം, പടയാളികൾ യേശുവിനെ കൊട്ടാരത്തിനുള്ളിൽ പ്രത്തോറിയത്തിലേക്കുകൊണ്ടുപോയി. അവർ സൈന്യവിഭാഗത്തെ മുഴുവൻ അണിനിരത്തി. അവർ അവനെ ചെമപ്പുവസ്ത്രം ധരിപ്പിക്കുകയും ഒരുമുൾക്കിരീടം മെടഞ്ഞ് അണിയിക്കുകയും ചെയ്തു. യഹൂദരുടെ രാജാവേ, സ്വസ്തി! എന്ന് അവർ അവനെ അഭിവാദനം ചെയ്യാൻ തുടങ്ങി. പിന്നീട് ഞാങ്ങണകൊണ്ട് അവന്റെ ശിരസ്സിൽ അടിക്കുകയും അവന്റെമേൽ തുപ്പുകയും മുട്ടുകുത്തി അവനെ പ്രണമിക്കുകയും ചെയ്തു. അവനെ പരിഹസിച്ചശേഷം ചെമപ്പുവസ്ത്രം അഴിച്ചുമാറ്റി. അവന്റെ വസ്ത്രം വീണ്ടും ധരിപ്പിച്ചു.*

*പിന്നീട് അവർ അവനെ കുരിശിൽ തറയ്ക്കാൻ കൊണ്ടുപോയി. (മർക്കോസ് 15: 16–20)*

അതികഠിനമായ ആ വേനൽക്കാലത്ത് മാതാപിതാക്കൾ എന്നനില യിലുള്ള ഞങ്ങളുടെ ജീവിതം ഞങ്ങളുടെ രണ്ടുപുത്രിമാരോടൊപ്പം മരണത്തെ പുൽകി. ക്രൂരനായ ഒരു അക്രമിയുടെ അന്ധമായ ആക്രമണത്തിലാണ് അവരിലൊരാളും അവളുടെ ഏറ്റവും അടുത്ത കൂട്ടുകാരിയും കൊല്ലപ്പെട്ടത്. അടുത്തവൾ അത്ഭുതകരമായി രക്ഷപ്പെ ട്ടെങ്കിലും എന്നെന്നേക്കുമായി അവൾ പുഞ്ചിരി നഷ്ടപ്പെട്ടവളായി. കുടുംബത്തിനും ജോലിക്കും വേണ്ടിയുള്ള ത്യാഗങ്ങൾ നിറഞ്ഞതാ യിരുന്നു ഞങ്ങളുടെ ജീവിതം. മറ്റുള്ളവരെ ബഹുമാനിക്കുവാനും ദരിദ്രരെ സഹായിക്കുന്നതിന്റെ മൂല്യവും ഒക്കെ പഠിപ്പിച്ചാണ് ഞങ്ങൾ മക്കളെ വളർത്തിയത്. ഞങ്ങൾ പലപ്പോഴും ചോദിക്കാറുണ്ട്. "എന്തേ ഇത് ഞങ്ങൾക്കു സംഭവിച്ചു. ഈ തിന്മ എന്തേ ഞങ്ങളെ വിഴുങ്ങി?" ഞങ്ങൾക്ക് സമാധാനം ലഭിച്ചില്ല. ഞങ്ങളുടെ ആഴത്തിലുള്ള മുറിവുകൾക്ക് പരിഹാരമാകാവുന്ന, ഞങ്ങൾ എപ്പോഴും ശരണപ്പെട്ട നീതിയും കിട്ടിയില്ല. ഒരിക്കലും അവസാനിക്കാതെ സഹിക്കുവാനായി മാത്രം വിധിക്കപ്പെട്ടവരായി ഞങ്ങൾ.

ഞങ്ങളുടെ ചുമലിലെ കുരിശിന്റ ഭാരം കുറയ്ക്കുവാൻ കാലത്തി നായില്ല. ഞങ്ങളോടൊപ്പം ഇനിയൊരിക്കലും ഇല്ലാത്ത മകളെ മറക്കുവാൻ ഞങ്ങൾക്കാവില്ല. ഞങ്ങൾ വൃദ്ധരായി; കൂടുതൽ ദുർബ്ബലരും. മകളുടെ മരണത്തിനുശേഷം ജീവിക്കേണ്ടിവരിക എന്ന ഉണ്ടാകാവുന്നതിൽ ഏറ്റവും ഭീകരമായ വേദനയുടെ ഇരകൾ.

ക്ലേശത്തോടെയെങ്കിലും പറയട്ടെ, നിരാശ ഞങ്ങളെ കീഴടക്കി പോ കുന്ന വേളകളിൽ പലവിധത്തിൽ കർത്താവ് ഞങ്ങളെ സന്ദർശി ക്കുവാൻ എത്തുന്നു. ദമ്പതികൾ എന്ന നിലയിൽ പരസ്പരം കൂടുതൽ സ്നേഹിക്കുന്നതിനും പരസ്പരം ബലപ്പെടുത്തുന്നതിനും ഉള്ള കൃപ തരുന്നു, അത് ക്ലേശകരമാണെങ്കിൽത്തന്നെയും. പാവപ്പെട്ടവർക്കും നിരാശപ്പെട്ടവർക്കുമായി ഞങ്ങളുടെ വീടിന്റെ കവാടങ്ങൾ തുറന്നി ടുവാൻ അവിടുന്ന് ഞങ്ങളെ ക്ഷണിക്കുന്നു. വാതിലിൽ മുട്ടുന്ന എല്ലാവ രെയും ഞങ്ങൾ സ്വാഗതം ചെയ്യുന്നു; കൊടുക്കാനാവുന്നത് ഒരുകപ്പ് സൂപ്പായാൽ പോലും. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഉപവിപ്രവൃ ത്തികൾ ചെയ്യാനുള്ള കല്പന ഒരുതരം രക്ഷയാണ്. ഞങ്ങൾ തിന്മ യ്ക്കു കീഴടങ്ങില്ല. ദൈവസ്നേഹത്തിന് ജീവിതത്തെ പുത്തനാക്കു വാൻ സത്യമായും സാധിക്കും. കാരണം, അവിടുത്തെ പുത്രൻ യഥാർത്ഥമായ സഹതാപം അനുഭവിച്ചു മനസ്സിലാക്കുന്നതിനു

വേണ്ടിയാണ് നമുക്കു മുന്നേതന്നെ, മാനുഷികമായ സഹനങ്ങൾ ഏറ്റെടുത്തത്.

*കർത്താവായ യേശുവേ, അങ്ങ് അടിക്കപ്പെടുന്നതും നിന്ദിക്കപ്പെടുന്നതും നഗ്നനാക്കപ്പെടുന്നതും, മനുഷ്യക്രൂരതയുടെ നിർമ്മലബലിയാക്കപ്പെടുന്നതും കാണുന്ന ഞങ്ങൾക്കു വേദനിക്കുന്നു. വ്യാകുലത്തിന്റെ ഈ രാത്രിയിൽ, ഞങ്ങൾ അങ്ങയുടെ ദൈവപിതാവിനെ വിളിച്ചപേക്ഷിക്കുകയും അക്രമങ്ങൾക്കും തിന്മകൾക്കും ഇരയാക്കപ്പെടുന്ന സകലർക്കുംവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.*

*നമുക്ക് പ്രാർത്ഥിക്കാം.*

*ഞങ്ങളുടെ നീതിയും വീണ്ടെടുപ്പുമായ ദൈവമേ, അവിടുന്ന് തന്റെ ഏകപുത്രനെ ഞങ്ങൾക്കായി നല്കുകയും കുരിശിലെ സിംഹാസനത്തിൽ മഹത്വപ്പെടുത്തുകയും ചെയ്തുവല്ലോ. അവിടുത്തെ പ്രത്യാശകൊണ്ട് ഞങ്ങളുടെ ഹൃദയങ്ങളെ നിറച്ചാലും. അങ്ങനെ ഞങ്ങളുടെ ജീവിതത്തിന്റെ അന്ധകാര നിമിഷങ്ങളിൽ ഞങ്ങൾ അവിടുത്തെ സാന്നിധ്യം തിരിച്ചറിയട്ടെ. എല്ലാ വേദനയിലും ഞങ്ങളെ സാന്ത്വനിപ്പിക്കണമെ. അവിടുത്തെ രാജ്യത്തിനായി കാത്തിരിക്കുന്ന ഞങ്ങൾക്കുണ്ടാകുന്ന പരീക്ഷണങ്ങളിൽ ഞങ്ങളെ ബലപ്പെടുത്തണമെ. കർത്താവായ ക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന കേട്ടരുളേണമെ. ആമ്മേൻ*

### മൂന്നാം സ്ഥലം

## ഈശോ കുരിശുമായി ഒന്നാം പ്രാവശ്യം വീഴുന്നു

*(ഒരു തടവുകാരന്റെ വിചിന്തനം)*

*അവൻ നിന്ദിക്കപ്പെട്ടു; നാം അവനെ ബഹുമാനിച്ചതുമില്ല. നമ്മുടെ വേദനകളാണ് യഥാർഥത്തിൽ അവൻ വഹിച്ചത്. നമ്മുടെ ദുഃഖങ്ങളാണ് അവൻ ചുമന്നത്. എന്നാൽ, ദൈവം അവനെ പ്രഹരിക്കുകയും ശിക്ഷിക്കുകയും ദണ്ഡിക്കുകയും ചെയ്തെന്നു നാം കരുതി. നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ മുറിവേൽപ്പിക്കപ്പെട്ടു, നമ്മുടെ അകൃത്യങ്ങൾക്കുവേണ്ടി ക്ഷതമേൽക്കപ്പെട്ടു. അവന്റെ മേലുള്ള ശിക്ഷ നമുക്കു രക്ഷ നല്കി; അവന്റെ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു. ആടുകളെപ്പോലെ നാം വഴിതെറ്റിപ്പോയി. നാമോരോരുത്തരും സ്വന്തം വഴിക്കുപോയി. നമ്മുടെ അകൃത്യങ്ങൾ കർത്താവ് അവന്റെമേൽ ചുമത്തി. (ഏശയ്യാ 53:4–6)*

അത് എന്റെ ആദ്യത്തെ വീഴ്ചയായിരുന്നു. എന്നാൽ ആ പതനം എനിക്കു മരണമായിരുന്നു. ഞാൻ ഒരാളുടെ ജീവനെടുത്തു. അങ്ങനെ അതുവരെ നിഷ്കളങ്കമായ ജീവിതം നയിച്ചിരുന്ന ഞാൻ ഒരു ദിവസം കൊണ്ട് അതിക്രമത്തിന്റെ ആകെത്തുകയായി. എല്ലാ കല്പനകളും ലംഘിച്ചവനുമായി. "എന്നെക്കൂടി ഓർക്കണമെ" എന്ന് ക്രിസ്തുവിനോട് അഭ്യർത്ഥിച്ച ആ കള്ളന്റെ പുത്തൻപതിപ്പായി ഞാൻ എന്നെത്തന്നെ ദർശിച്ചു. ഞാൻ അദ്ദേഹത്തെ ഒരു അനുതാപി എന്നതിനെക്കാൾ തന്റെ തെറ്റായ വഴികളെക്കുറിച്ച് ഏറെ ബോധ്യമുണ്ടായ ആളായാണ് കരുതുന്നത്. കുട്ടിക്കാലം മുതൽ ഞാൻ വളർന്നുവന്ന മരവിച്ച ശത്രുതാപരമായ അന്തരീക്ഷം ഞാൻ ഓർക്കുന്നു. അതെല്ലാം മറ്റുള്ളവരുടെ ബലഹീനതകൾ ഉയർത്തിക്കാട്ടി ആസ്വദിക്കുന്നതിലേക്ക് എന്നെ നയിച്ചു. എന്നെ അംഗീകരിക്കുന്ന നല്ല സുഹൃത്തുക്കളെ ഞാൻ തേടിയെങ്കിലും എനിക്കു ലഭിച്ചില്ല. മറ്റുള്ളവരുടെ സന്തോഷങ്ങളെ ഞാൻ എതിർത്തു. ഞാൻ ഞൊണ്ടിയാക്കപ്പെടുന്നതുപോലെ തോന്നി. അവർ എന്നോട് ത്യാഗങ്ങളും അച്ചടക്കവുമാണ് ആവശ്യപ്പെട്ടത്. ഞാൻ എല്ലാവർക്കും അപരിചിതനെപ്പോലെ ആയി. എന്തു വിലകൊടുത്തും പ്രതികാരം ചെയ്യണമെന്ന് ഞാൻ ഉറച്ചു.

എന്നിൽ തിന്മ സാവകാശം വളരുന്നത് ഞാൻ മനസ്സിലാക്കിയില്ല. അവസാനം ഒരു സായാഹ്നത്തിൽ എന്റെ അന്ധകാരത്തിന്റെ നിമിഷം ആഗതമായി. ഒരു സെക്കന്റുകൊണ്ട്, ഒരു കൊടുങ്കാറ്റുപോലെ ജീവിതത്തിൽ അനുഭവിച്ച അനീതികളുടെ ഓർമ്മകൾ എന്നിൽ പൊട്ടിത്തെറിച്ചു. കോപം എന്റെ കരുണയെ നിഗ്രഹിച്ചു. ഞാൻ അനുഭവിച്ചിട്ടുള്ള ഏത് അനീതിയെക്കാളും വലിയ തിന്മ ഞാൻ പ്രവർത്തിച്ചു. പിന്നീട് തടവറയിലെ മോശം പെരുമാറ്റങ്ങൾ എന്നിൽ ആത്മനിന്ദ ഉണ്ടാക്കി. എല്ലാം അവസാനിപ്പിക്കുന്നിടത്തെത്തിയതാണ്. എല്ലാ പരിധിയും കടന്നിരുന്നു. ഞാൻ എന്റെ കുടുംബത്തെയും നശിപ്പിച്ചു. ഞാൻ കാരണം അവർക്ക് പേരും പെരുമയും നഷ്ടപ്പെട്ടു. അവർ വെറും ഒരു കൊലപാതകിയുടെ കുടുംബമായി. എനിക്ക് ഒരു ന്യായീകരണവും ഇല്ല; ഒരു ആനുകൂല്യവും ചോദിക്കുന്നുമില്ല. ഞാൻ എന്റെ കാലാവധി വരെ ശിക്ഷ അനുഭവിക്കും. എന്തെന്നാൽ, ഇവിടെ തടവറയിൽവച്ച് എനിക്ക് നഷ്ടപ്പെട്ട വിശ്വാസം തിരിച്ചുതരാനാവുന്നവരെ ഞാൻ കണ്ടുമുട്ടി.

ലോകത്തിൽ നന്മ ഉണ്ടെന്ന് തിരിച്ചറിയുന്നതിൽ പരാജയപ്പെട്ടതായിരുന്നു എന്റെ ആദ്യത്തെ വീഴ്ച. രണ്ടാമത്തേത്, കൊലപാതകം.

അത് ആദ്യത്തേതിന്റെ അനന്തരഫലമായിരുന്നു. കാരണം നേരത്തെ തന്നെ ഞാൻ ആന്തരികമായി മരിച്ചവനായിരുന്നു.

*കർത്താവായ യേശുവേ, അങ്ങും നിലത്തു വീണുപോയവനാണ്. ഒരുപക്ഷേ അവിടുത്തെ ആദ്യവീഴ്ചയായിരുന്നിരിക്കണം ഏറ്റവും കഠിനം. കാരണം, അത് അങ്ങേക്ക് ആദ്യത്തെ അനുഭവമായിരുന്നല്ലോ? അതിന്റെ പ്രത്യാഘാതം വലുതായിരുന്നു. അങ്ങ് ആകെ പതറുകയും ചെയ്തു. സ്വന്തം പാപങ്ങൾ മനസിലാക്കാനാവാത്തവിധം തങ്ങളിൽ തന്നെ കുരുങ്ങിപ്പോയവരെ ഞങ്ങൾ അങ്ങയുടെ ദൈവപിതാവിന് സമർപ്പിക്കുന്നു.*

*നമുക്ക് പ്രാർത്ഥിക്കാം.*

*ദൈവമേ, വീണുപോയ മാനവകുലത്തെ അവിടുന്ന്<br>വീണ്ടെടുത്തുവല്ലോ. ഞങ്ങളുടെ ബലഹീനതകളിൽ<br>സഹായിക്കുവാൻ എത്തേണമെ. ഞങ്ങളുടെ<br>അനുദിനജീവിതത്തിൽ എല്ലായിടത്തും അവിടുത്തെ<br>സ്നേഹത്തിന്റെ അടയാളങ്ങൾ കാണുവാൻ ഞങ്ങൾക്കു കാഴ്ച<br>തരേണമെ. കർത്താവായ ക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന<br>ഈ പ്രാർത്ഥന കേട്ടരുളേണമെ. ആമ്മേൻ*

### നാലാം സ്ഥലം

## ഈശോ തന്റെ മാതാവിനെ കാണുന്നു

*(ഒരു തടവുകാരന്റെ അമ്മയുടെ വിചിന്തനം)*

*യേശുവിന്റെ കുരിശിനരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ളോപ്പാസിന്റെ ഭാര്യയായ മറിയവും മഗ്ദലേനമറിയവും നില്ക്കുന്നുണ്ടായിരുന്നു. യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുത്തുനില്ക്കുന്നതുകണ്ട് അമ്മയോടു പറഞ്ഞു: "സ്ത്രീയേ, ഇതാ, നിന്റെ മകൻ." അനന്തരം അവൻ ആ ശിഷ്യനോടു പറഞ്ഞു: "ഇതാ, നിന്റെ അമ്മ." അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു. (യോഹന്നാൻ 19:25–27)*

അവൻ വിധിക്കപ്പെട്ടിട്ടും ഒരു നിമിഷംപോലും എന്റെ മകനെ ഉപേക്ഷിക്കുവാനുള്ള ചിന്ത എനിക്കുണ്ടായിട്ടില്ല. അവൻ അറസ്റ്റുചെയ്യപ്പെട്ട ദിവസം ഞങ്ങളുടെ ജീവിതം ആകെ മാറിമറിഞ്ഞു.

കുടുംബം ആകെ അവനോടൊപ്പം തടവറയിലായി. ഇന്നും കൊടുംപകയോടെയാണ് നാട്ടുകാരുടെ വിധി. മൂർച്ചയുള്ള കത്തിപോലെ ഞങ്ങൾക്കെല്ലാം എതിരെ വിരലുകൾ ഉയരുന്നു. ഞങ്ങളുടെ ഹൃദയങ്ങളിലെ വേദന വർദ്ധിപ്പിക്കുന്നു.

ഓരോ ദിവസം പിന്നിടുമ്പോഴും മുറിവ് വളരുകയാണ്. ഞങ്ങളുടെ ശ്വാസം എടുക്കുകയാണ്.

പരിശുദ്ധ മറിയത്തിന്റെ, ദൈവമാതാവിന്റെ സാമീപ്യം ഞാൻ അനുഭവിക്കുന്നു. നിരാശയിൽ നിപതിക്കാതെ വേദനയോടു സമരസപ്പെടാൻ അവളാണ് എന്നെ സഹായിക്കുന്നത്. എന്റെ മകനെ ഞാൻ അവൾക്കു ഭരമേല്പ്പിച്ചിരിക്കുകയാണ്. മറിയത്തോട് മാത്രമാണ് എനിക്ക് എന്റെ ഭീതികൾ പങ്കുവയ്ക്കാനാവുക. കാരണം കാൽവരിയിൽ അവൾ അതെല്ലാം അനുഭവിച്ചതാണല്ലോ. തന്റെ പുത്രന് മനുഷ്യന്റെ തിന്മയിൽനിന്നും രക്ഷപ്പെടാനാവില്ലെന്ന് ഹൃദയത്തിൽ അവൾക്കറിയാമായിരുന്നു. എന്നിട്ടും അവൾ അവനെ ഉപേക്ഷിച്ചില്ല. അവന്റെ സഹനത്തിൽ പങ്കാളിയായിക്കൊണ്ട് അവൾ അവിടെ നിന്നു. തന്റെ സാന്നിധ്യത്തിന്റെ കൂട്ടുപകർന്നു. യേശു കണ്ണുകളുയർത്തി തന്റെ അമ്മയെ നോക്കിയിരിക്കുമെന്ന് ഞാൻ കരുതുന്നു. സ്നേഹം നിറഞ്ഞ ആ കണ്ണുകൾ കണ്ടപ്പോൾ താൻ ഒറ്റയ്ക്കല്ലെന്ന് അവിടുത്തേക്ക് മനസിലായി.

അതുതന്നെ ചെയ്യാൻ ഞാനും ആഗ്രഹിക്കുന്നു. മകന്റെ പാപങ്ങൾക്ക് ഞാൻ എന്നെത്തന്നെ കുറ്റപ്പെടുത്തിയിട്ടുണ്ട്. എന്റെ ഉത്തരവാദിത്വത്തിന് ഞാൻ മാപ്പുചോദിക്കുകയും ചെയ്തു. ഒരു അമ്മയ്ക്കു മാത്രം മനസിലാകുന്ന കാരുണ്യത്തിനായി ഞാൻ യാചിക്കുന്നു; അങ്ങനെ തന്റെ തെറ്റിനു പരിഹാരം ചെയ്യുന്ന എന്റെ മകൻ ജീവിതത്തിലേക്ക് മടങ്ങിവരാൻ ഇടയാകട്ടെ. ഞാൻ അവനുവേണ്ടി അവിരാമം പ്രാർത്ഥിക്കുന്നു; അങ്ങനെ അനുദിനം അവൻ പുതിയ മനുഷ്യനായി മാറട്ടെ. ഒരിക്കൽക്കൂടി സ്വയവും മറ്റുള്ളവരെയും സ്നേഹിക്കുവാൻ സാധിക്കുന്നവനാകട്ടെ

*കർത്താവായ യേശുവേ, കുരിശിന്റെ വഴിയിൽ അവിടുത്തെ അമ്മയെ കണ്ടുമുട്ടിയതാവണം ഏറ്റവും ആർദ്രവും വ്യാകുലം നിറഞ്ഞതുമായ സംഭവം. അവളുടെയും അവിടുത്തെയും കണ്ണുകളിലേക്ക്, തങ്ങളുടെ പ്രിയപ്പെട്ടവരുടെ വിധിക്കുമുന്നിൽ വേദനിക്കുകയും നിസഹായരാക്കപ്പെടുകയും ചെയ്യുന്ന എല്ലാ കുടുംബങ്ങളെയും കൂട്ടുകാരെയും ഞങ്ങൾ സമർപ്പിക്കുന്നു.*

*നമുക്ക് പ്രാർത്ഥിക്കാം.*

*ദൈവമാതാവും തിരുസഭയുടെ അമ്മയുമായ മറിയമേ, അവിടുത്തെ ദിവ്യപുത്രന്റെ ഏറ്റവും വിശ്വസ്തയായ ശിഷ്യയെ, അങ്ങേപ്പക്കലേക്കു ഞങ്ങൾ തിരിയുകയും, അവിടുത്തെ, സ്നേഹാർദ്രമായ നോട്ടത്തിനും മാതൃഹൃദയത്തിന്റെ പരിപാലനയ്ക്കുമായി, തങ്ങളുടെ കണ്ണുകളിൽ നിന്നും എല്ലാ കണ്ണീരും തുടച്ചുനീക്കപ്പെടുന്ന ദിനത്തിനായി ആകുലതയോടെ കാത്തിരിക്കുന്ന മുഴുവൻ മാനവരാശിയുടെയും നിലവിളി സമർപ്പിക്കുന്നു. ആമ്മേൻ*

### അഞ്ചാം സ്ഥലം

## ശിമയോൻ ഈശോയെ സഹായിക്കുന്നു

*(ഒരു തടവുകാരന്റെ വിചിന്തനം)*

*അവർ അവനെകൊണ്ടുപോകുമ്പോൾ, നാട്ടിൻപുറത്തുനിന്ന് ആ വഴിവന്ന ശിമയോൻ എന്ന ഒരു കിറേനേക്കാരനെ പിടിച്ചുനിർത്തി, കുരിശ് ചുമലിൽവച്ച് യേശുവിന്റെ പുറകേ ചുമന്നുകൊണ്ടുവരാൻ നിർബന്ധിച്ചു (ലൂക്കാ 23:26).*

എന്റെ ജോലിയിലൂടെ കുട്ടികളുടെ വിവിധ തലമുറകളെ ഞാൻ ആത്മവിശ്വാസമുള്ളവരാക്കി. എന്നാൽ ഒരു ദിവസം ഞാൻ ആകെ നിലംപറ്റി, അവർ എന്റെ പുറം പൊളിച്ചതുപോലായി. എന്റെ ജോലി ഒരു ലജ്ജാകരമായ ബോധ്യത്തിനുള്ള ഉപായമായിരുന്നു. ഞാൻ ജയിലിലായി. ജയിൽ എന്റെ വീട്ടിലും കടന്നു. അപ്പോൾ മുതൽ പട്ടണത്തിൽ ഞാൻ ഒരു ബഹിഷ്കൃതനായി. എന്റെ പേരിനും പ്രശസ്തിക്കും ക്ഷതമേറ്റു. ഇപ്പോൾ ഞാനറിയപ്പെടുക എന്നിൽ ആരോപിച്ചിരിക്കുന്ന കുറ്റത്തിന്റെ പേരിലാണ്. എന്റെ ജീവിതം എന്റെ നിയന്ത്രണത്തിലല്ലാതായി. ഇതെക്കുറിച്ച് ചിന്തിക്കുമ്പോൾ തേഞ്ഞു തീർന്ന ഷൂസുകളും നനഞ്ഞ പാദങ്ങളും ആരുടെയോ വസ്ത്രങ്ങളും ധരിച്ച് വരുന്ന ഒരു കുട്ടി എന്റെ മനസിലേക്ക് കടന്നുവരുന്നു. ആ കുട്ടി ഒരു കാലത്തെ ഞാനാണ്.

തുടർന്ന് ഒരു ദിവസം എന്റെ അറസ്റ്റ്. യൂണിഫോമിലുള്ള മൂന്നു പേർ വരുന്നു. കർക്കശമായ നടപടികൾ. എന്നെ ജീവനോടെ വിഴുങ്ങിയ തടവറയുടെ കോൺക്രീറ്റ് ഉദരത്തിൽ ഞാൻ ജീവിക്കുന്നു.

അവർ എന്റെ ചുമലിൽവച്ച കുരിശ് വല്ലാത്ത ഭാരമുള്ളതാണ്. വർഷങ്ങളായി അതുമായി ജീവിക്കുവാൻ ഞാൻ പഠിച്ചു: അതിനെ

അഭിമുഖീകരിക്കുവാൻ, അതിനെ പേരുചൊല്ലി വിളിക്കുവാൻ. നിരവധി രാത്രികളിൽ ഞങ്ങൾ പരസ്പരം കൂട്ടാകുന്നു. തടവറക്കുള്ളിലെ കിറേനക്കാരൻ ശിമയോനെ എല്ലാവർക്കും അറിയാം: സന്നദ്ധപ്രവർത്തകരുടെ അപരനാമമാണത്. ഈ കാൽവരി കയറുന്നവരെ കുരിശുവഹിക്കുവാൻ സഹായിക്കുന്നത് അവരാണ്; പൊതുസമൂഹത്തിന്റെ ചട്ടങ്ങൾ തിരസ്ക്കരിക്കുന്നവരാണവർ; തങ്ങളുടെ മനഃസാക്ഷിയുടെ സ്വരം ശ്രവിക്കുന്നവർ. എന്റെ ജയിൽമുറി പങ്കിടുന്ന സഹതടവുകാരനും കിറേനെക്കാരൻ ശിമയോനാണ്. തടവറയിലെ ആദ്യദിനരാത്രിയിൽത്തന്നെ ഞാൻ അവനെ കണ്ടു. ഒരു ബഞ്ചിൽ വർഷങ്ങളോളം ജീവിച്ചവനാണവൻ, സ്നേഹമോ വരുമാനമോ ഇല്ലാതെ. ഒരു പെട്ടി മിഠായികളായിരുന്നു അവന്റെ ആകെ സമ്പാദ്യം. അദ്ദേഹത്തിനു മധുരം ഏറെ ഇഷ്ടമാണ്. എങ്കിലും, ആദ്യമായി എന്നെക്കാണുവാൻ ജയിലിലെത്തിയ എന്റെ ഭാര്യയ്ക്കു ഞാൻ ആ മിഠായികൾ നല്കണമെന്ന് അവൻ നിർബന്ധിച്ചു. അപ്രതീക്ഷിതവും ആത്മാർത്ഥ വുമായ ആ പ്രവൃത്തി അവളെ പൊട്ടിക്കരയിച്ചു.

തടവറയിൽ ഞാൻ വൃദ്ധനാവുകയാണ്. ഞാൻ സ്വപ്നം കാണുന്നത് ആ ദിനമാണ്; എനിക്കു മറ്റുള്ളവരെ വിശ്വസിക്കാനാവുന്ന ദിനം.

ഒരു കിറേനെക്കാരനാകുവാൻ, ആർക്കെങ്കിലുമൊക്കെ ആനന്ദം കൊടുക്കുവാൻ.

*കർത്താവായ യേശുവേ, അവിടുത്തെ ജനനം മുതൽ അങ്ങയുടെ കുരിശുചുമക്കുവാൻ അങ്ങയെ സഹായിച്ച അപരിചിതനെ കണ്ടുമുട്ടുവോളവും ഞങ്ങളുടെ സഹായത്തിൽ ആശ്രയിക്കുവാൻ അവിടുന്ന് ആഗ്രഹിച്ചു. ആ കിറേനെക്കാരനെപ്പോലെ ഞങ്ങളുടെ സഹോദരീസഹോദരങ്ങളുടെ ഒപ്പമായിരിക്കുവാനും, അവർ അനുഭവിക്കുന്ന ദുരിതഭാരങ്ങളുടെ നുകം തകർക്കുന്ന ദൈവപിതാവിന്റെ കാരുണ്യത്തിന്റെ സഹായം അവർക്കു ലഭ്യമാക്കുന്നതിന് അവരെ സഹായിക്കുവാനും ഞങ്ങൾ ആഗ്രഹിക്കുന്നു.*

*നമുക്ക് പ്രാർത്ഥിക്കാം*

*ദരിദ്രരുടെ സംരക്ഷകനും വേദനിക്കുന്നവരുടെ സാന്ത്വനവുമായ ദൈവമേ, അവിടുത്തെ സാന്നിധ്യംകൊണ്ട് ഞങ്ങളെ ബലപ്പെടുത്തണമെ. അവിടുത്തെ സ്നേഹപ്രമാണത്തിന്റെ ലഘുവായ നുകം അനുദിനം വഹിക്കുവാൻ ഞങ്ങളെ സഹായിക്കണമെ. കർത്താവായ ക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന ഈ പ്രാർത്ഥന കേട്ടരുളേണമെ. ആമ്മേൻ*

ആറാം സ്ഥലം

# വേറോനിക്കാ ഈശോയുടെ തിരുമുഖം തുടയക്കുന്നു

*(ഒരു മതബോധകന്റെ വിചിന്തനം)*

*'കർത്താവേ, അങ്ങയുടെ മുഖം ഞാൻ തേടുന്നു' എന്ന് എന്റെ ഹൃദയം അങ്ങയോടു മന്ത്രിക്കുന്നു. അങ്ങയുടെ മുഖം എന്നിൽ നിന്നു മറച്ചുവയ്ക്കരുതേ! എന്റെ സഹായകനായ ദൈവമേ, അങ്ങയുടെ ദാസനെ കോപത്തോടെ തള്ളിക്കളയരുതേ! എന്റെ രക്ഷകനായ ദൈവമേ, എന്നെ തിരസ്കരിക്കരുതേ! എന്നെ കൈവെടിയരുതേ! (സങ്കീ. 27:8-9)*

മതബോധകനെന്ന നിലയിൽ ഞാൻ ധാരാളം പേരുടെ കണ്ണീർ തുടയ്ക്കുന്നു; അവ ഒഴുകുവാൻ അനുവദിക്കുന്നു. തകർന്ന ഹൃദയങ്ങളിൽ നിന്നും നിയന്ത്രിക്കാനാവാതെ അതു പ്രവഹിക്കുന്നു. നിരവധി തവണ തടവറയുടെ അന്ധകാരത്തിൽ നിരാശയിൽ തളർന്ന ആത്മാക്കളെ ഞാൻ കണ്ടിട്ടുണ്ട്. അവർ അനന്തമായി കരുതുന്ന തിന്മയുടെ കാരണം കാണാൻ ശ്രമിച്ചിട്ടുണ്ട്. അവരുടെ കണ്ണീർ പരാജയത്തിന്റെയും ഒറ്റപ്പെടലിന്റെയും ആണ്. മനസാക്ഷിക്കുത്തിന്റെയും മനസിലാക്കപ്പെടാത്തതിന്റെയും ആണ്. ഇവിടെ ഈ തടവറയിൽ എനിക്കു പകരം ഞാൻ യേശുവിനെ വിഭാവനം ചെയ്യാറുണ്ട്. അവിടുന്ന് എങ്ങനെയാവും ഇവരുടെ കണ്ണീർ തുടയ്ക്കുക? തിന്മയ്ക്കു കീഴടങ്ങിപ്പോകുവാൻ കെണിയിലാക്കപ്പെട്ടു എന്ന് കരുതുന്ന ഇവരുടെ മനക്ലേശം അവിടുന്ന് എങ്ങനെയാവും ശമിപ്പിക്കുക?

ഒരു ഉത്തരം കണ്ടെത്തുക അതീവ ക്ലേശകരമാണ്. നമ്മുടെ ചെറിയ മാനുഷികയുക്തിയുടെ പരിധിയിൽ പലപ്പോഴും അസാധ്യവും. ക്രിസ്തു എനിക്ക് പറഞ്ഞുതന്നത്; ഭയംകൂടാതെ, സഹനത്തിന്റെ വൈരൂപ്യമുള്ള ആ മുഖങ്ങളെക്കുറിച്ച് ധ്യാനിക്കുവാനാണ്. അവിടെ അവരോട് ഒപ്പമാകുവാനാണ് അവിടുന്ന് എന്നോട് ആവശ്യപ്പെടുന്നത്; അവരുടെ മൗനം സഹിച്ചുകൊണ്ട്, അവരുടെ വേദനകൾക്ക് കാതോർത്തുകൊണ്ട്, മുൻവിധികൾക്കപ്പുറം നോക്കുവാൻ യത്നിച്ചുകൊണ്ട്. സ്നേഹം നിറഞ്ഞ കണ്ണുകളോടെ യേശു നമ്മുടെ ബലഹീനതകളെയും പരിമിതികളെയും വീക്ഷിക്കുന്നതുപോലെ. യേശു നോക്കുന്നത് വിധി പ്രസ്താവിക്കുവാനല്ല, പിന്നെയോ ജീവനും പ്രത്യാശയും പകരുവാനാണ് എന്നതുകൊണ്ട്, തടവറയിലുള്ളവരടക്കം എല്ലാവർക്കും

ഓരോ ദിവസവും ഒരു പുതിയ വ്യക്തിയാകുവാനുള്ള അവസരമുണ്ട്.

ഇങ്ങനെ, ചൊരിയപ്പെടുന്ന കണ്ണീർതുള്ളികൾക്ക് ഭാവനചെയ്യുവാൻ പോലും ആകാത്ത ഒരു സൗന്ദര്യത്തിന്റെ ബീജമാകുവാൻ സാധിക്കുന്നു.

*കർത്താവായ യേശുവേ, വേറോനിക്കായ്ക്ക് അങ്ങയോട് സഹതാപം തോന്നി. അവൾ കണ്ടുമുട്ടിയ സഹിക്കുന്നവനിൽ ദൈവത്തിന്റെ മുഖം ദർശിച്ചു. ഇക്കാലത്തും തങ്ങളുടെ സഹോദരീ സഹോദരങ്ങളുടെ കണ്ണീർ തുടയ്ക്കുവാൻ ആഗ്രഹിക്കുന്ന സ്ത്രീപുരുഷന്മാരെ പ്രാർത്ഥനയിലൂടെ അവിടുത്തെ ദൈവപിതാവിന് ഞങ്ങൾ ഭരമേല്പ്പിക്കുന്നു.*

*നമുക്ക് പ്രാർത്ഥിക്കാം.*

*സത്യമായ പ്രകാശവും എല്ലാ പ്രകാശത്തിന്റെയും സ്രോതസുമായ ദൈവമേ, ബലഹീനതയിൽ അവിടുന്ന് സ്നേഹത്തിന്റെ കരുത്തും മൗലികതീവ്രതയും വെളിപ്പെടുത്തുന്നു. ഞങ്ങളുടെ ഹൃദയങ്ങളിൽ അവിടുത്തെ തിരുമുഖത്തിന്റെ മുദ്രപതിപ്പിക്കണമെ. അങ്ങനെ എല്ലാ മാനുഷികയാതനകളിലും ഞങ്ങൾ അങ്ങയെ തിരിച്ചറിയട്ടെ. കർത്താവായ ക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന കേട്ടരുളേണമെ. ആമ്മേൻ*

### ഏഴാം സ്ഥലം

## ഈശോ രണ്ടാം പ്രാവശ്യം വീഴുന്നു

*(ഒരു തടവുകാരന്റെ വിചിന്തനം)*

*യേശുപറഞ്ഞു: "പിതാവേ, അവരോടു ക്ഷമിക്കണമേ; അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല." അവന്റെ വസ്ത്രങ്ങൾ ഭാഗിച്ചെടുക്കാൻ അവർ കുറിയിട്ടു. (ലൂക്കാ 23: 34)*

പണ്ട്, ഒരു തടവറയുടെ സമീപത്തുകൂടി കടന്നുപോകുമ്പോൾ ഞാൻ എതിർവശത്തേക്കു നോക്കിയിരുന്നു. "ഒരിക്കലും ഞാൻ ഇവിടെ എത്തില്ല" എന്നു സ്വയം പറഞ്ഞിരുന്നു. ഞാൻ നോക്കിത്തുടങ്ങിയപ്പോൾ എനിക്ക് ദുഃഖവും അന്ധകാരവും അനുഭവപ്പെട്ടുതുടങ്ങി. ജീവിക്കുന്നുണ്ടെങ്കിലും മരിച്ചവരുടെ സെമിത്തേരിയിലൂടെയാണ് കടന്നുപോകുന്നതെന്ന് ഞാൻ മനസിലാക്കി. അങ്ങനെ ഒരു ദിവസം എന്റെ സഹോദരനൊപ്പം ഞാനും അഴികൾക്കുള്ളിലായി. അവിടെയും

അവസാനിപ്പിക്കാതെ, എന്റെ അപ്പനെയും അമ്മയെയും ഞാൻ ഇവിടെ എത്തിച്ചു. ഒരിക്കൽ ഇത് എനിക്കു വിദേശമായിരുന്നെങ്കിലും, ഇപ്പോൾ തടവറയാണ് ഞങ്ങളുടെ പുതിയ ഭവനം. ഞങ്ങൾ പുരുഷന്മാർ എല്ലാവരും ഒരിടത്താണ്; അമ്മ വേറൊരിടത്തും. അവരെ കാണുമ്പോൾ എനിക്ക് എന്നോടുതന്നെ ലജ്ജ തോന്നും. ഒരു മനുഷ്യനായി പോലും എനിക്ക് സ്വയം തോന്നുന്നില്ല. ഞാൻ കാരണം അവരും ജയിലിൽ വൃദ്ധരാവുകയാണ്.

രണ്ടുവട്ടം വീണവനാണ് ഞാൻ. ആദ്യത്തേത് തിന്മ എന്നെ ആകർഷിച്ചപ്പോഴായിരുന്നു. ഞാൻ നിലംപതിച്ചു. മയക്കുമരുന്നു വില്ക്കുന്നത്, എന്റെ കണ്ണുകളിൽ, ദിവസം പത്തുമണിക്കൂർ പുറം പൊളിക്കുന്ന എന്റെ പിതാവിന്റെ ജോലിയെക്കാൾ കേമമായി തോന്നി. രണ്ടാമത്തേത്, കുടുംബം തകർത്തശേഷമായിരുന്നു. ഞാൻ സ്വയം ചോദിച്ചുതുടങ്ങി "ക്രിസ്തു എനിക്കുവേണ്ടി മരിക്കുവാൻ ഞാൻ ആരാണ്?" "പിതാവേ അവരോട് ക്ഷമിക്കണമെ. എന്തെന്നാൽ അവർ ചെയ്യുന്നത് എന്തെന്ന് അവർ അറിയുന്നില്ല" എന്ന യേശുവിന്റെ നിലവിളി എന്റെ അമ്മയുടെ കണ്ണുകളിൽ പ്രതിഫലിക്കുന്നതു ഞാൻ കണ്ടു. കുടുംബത്തെ രക്ഷിക്കുവാൻ അവൾ ഭവനത്തിലെ എല്ലാ പുരുഷന്മാരുടെയും അപമാനം ഏറ്റെടുത്തു. എന്റെ പിതാവ് ജയിലിൽ ഒറ്റക്കിരുന്നു രഹസ്യമായി വേദനിക്കുന്നതു കണ്ടപ്പോൾ അദ്ദേഹത്തിന്റെ മുഖത്തും ഞാനതു കണ്ടു. ഇന്നുമാത്രമാണ് എനിക്ക് അത് അംഗികരിക്കുവാനാകുന്നത്. അക്കാലത്ത് എനിക്ക് ഒന്നും അറിയുമായിരുന്നില്ല. ഇന്ന് എനിക്കറിയാം, ഞാൻ ദൈവസഹായത്തോടെ എന്റെ ജീവിതം പുതുക്കിപ്പണിയുവാൻ ശ്രമിക്കുകയാണ്. അതിന് ഞാൻ കടപ്പെട്ടിരിക്കുന്നത് എന്റെ മാതാപിതാക്കളോടാണ്. വർഷങ്ങൾക്കുമുമ്പ് അവർ ഞങ്ങൾക്കു വിലപ്പിടിപ്പായി ഉണ്ടായിരുന്നതെല്ലാം വിറ്റു. കാരണം ഞാൻ തെരുവിൽ ജീവിക്കരുതെന്ന് അവർ ആഗ്രഹിച്ചു. ഇതിന് എല്ലാറ്റിനും ഉപരി ഞാൻ എന്നോടുതന്നെ കടപ്പെടുന്നു. തിന്മയ്ക്ക് എന്റെ ജീവിതത്തെ തുടർന്നും നിയന്ത്രിക്കാനാകും എന്ന ചിന്ത അസഹ്യമാണ്. ഇതാണ് എന്റെ കുരിശിന്റെ വഴിയായിത്തീർന്നത്.

*കർത്താവായ യേശുവേ, അവിടുന്ന് ഒരിക്കൽക്കൂടി നിലംപതിക്കുന്നു: തിന്മയോടുള്ള എന്റെ ബന്ധത്താൽ തകർന്നും മികച്ച ഒരു വ്യക്തിയാകുന്നതിനുള്ള എന്റെ ഭയംമൂലവുമാണ് അവിടുന്ന് നിലംപതിച്ചത്. വിശ്വാസത്തോടെ ഞങ്ങൾ അവിടുത്തെ ദൈവപിതാ*

*വിലേക്ക് തിരിയുന്നു; സാത്താന്റെ ശക്തിയും വശീകരണങ്ങളും വിവിധങ്ങളായ ആകർഷണങ്ങളും തകർക്കാനാകാത്തവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.*

*നമുക്കു പ്രാർത്ഥിക്കാം.*

*നല്ല ദൈവമേ, അവിടുന്ന് ഞങ്ങളെ അന്ധകാരത്തിലോ മരണത്തിന്റെ നിഴലിലോ ഉപേക്ഷിക്കുന്നില്ല. ഞങ്ങളുടെ ബലഹീനതയിൽ ഞങ്ങളെ ശക്തിപ്പെടുത്തണമെ. തിന്മയുടെ ബന്ധനങ്ങളിൽനിന്നും ഞങ്ങളെ സ്വതന്ത്രരാക്കണമെ. അവിടുത്തെ ശക്തിയാൽ ഞങ്ങളെ സംരക്ഷിക്കണമെ. അങ്ങനെ ഞങ്ങൾ സദാകാലവും അവിടുത്തെ കാരുണ്യത്തെ വാഴ്ത്തട്ടെ. കർത്താവായ ക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന കേട്ടരുളേണമെ. ആമ്മേൻ*

### എട്ടാം സ്ഥലം

## ഈശോ ജറുസലേമിലെ സ്ത്രീകളെ കണ്ടുമുട്ടുന്നു

*(ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട ഒരു വ്യക്തിയുടെ മകൾ നടത്തുന്ന വിചിന്തനം)*

*ഒരു വലിയ ജനക്കൂട്ടവും, കരയുകയും മുറവിളി കൂട്ടുകയും ചെയ്തിരുന്ന സ്ത്രീകളുടെ സമൂഹവും യേശുവിന്റെ പിന്നാലെ പോയിരുന്നു. അവരുടെ നേരേ തിരിഞ്ഞ് യേശു പറഞ്ഞു: ജറുസലെം പുത്രിമാരേ, എന്നെപ്രതി നിങ്ങൾ കരയേണ്ടാ. നിങ്ങളെയും നിങ്ങളുടെ മക്കളെയുംപ്രതി കരയുവിൻ. എന്തെന്നാൽ, വന്ധ്യകൾക്കും പ്രസവിക്കാത്ത ഉദരങ്ങൾക്കും പാലൂട്ടാത്ത മുലകൾക്കും ഭാഗ്യം എന്നുപറയപ്പെടുന്ന ദിവസങ്ങൾ വരും. അന്ന് അവർ പർവ്വതങ്ങളോടു ഞങ്ങളുടെ മേൽ വീഴുക എന്നും കുന്നുകളോടു ഞങ്ങളെ മൂടിക്കളയുക എന്നും പറയാൻ തുടങ്ങും. (ലൂക്കാ 23: 27–30)*

തടവറയിൽ കിടക്കുന്ന ഒരാളുടെ മകൾ എന്ന നിലയിൽ എത്രയോ വട്ടം എന്നോടു നാട്ടുകാർ ചോദിച്ചിരിക്കുന്നു; “നീ നിന്റെ പിതാവിനെ സ്നേഹിക്കുന്നു: എന്നാൽ അയാൾ തന്റെ ഇരകളിൽ ഉണ്ടാക്കിയ വേദനയെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ?” ഇക്കാലത്തൊന്നും ഞാൻ അതിന് ഉത്തരം കൊടുക്കാതിരുന്നിട്ടില്ല; “തീർച്ചയായും അതിനെക്കു

റിച്ചു ചിന്തിക്കാതിരിക്കുക പിതാവിന് അസാധ്യമല്ലേ?" തുടർന്ന് ഞാൻ അവരോടു ചോദിക്കും: "എന്റെ പിതാവിന്റെ പ്രവൃത്തികളുടെ ഇരകളിൽ ആദ്യത്തേതു ഞാനാണ് എന്ന് നിങ്ങൾക്കറിയുമോ? 28 വർഷമായി അപ്പനില്ലാതെ വളരുന്നതിന്റെ ശിക്ഷ അനുഭവിക്കുകയാണ് ഞാൻ." ഇക്കാലത്തെല്ലാം ഞാൻ ജീവിച്ചത് കോപത്തോടെയാണ്, അസ്വസ്ഥതയോടെയാണ്, ദുഃഖത്തോടെയാണ്. സഹിക്കുവാനാകാത്ത വലിയ ഭാരമാണ് അപ്പന്റെ അസാന്നിധ്യം. പിതാവിനോടൊപ്പം താമസിക്കുന്നതിനായി ഇറ്റലിയിലാകെ തെക്കുവടക്ക് ഞാൻ സഞ്ചരിച്ചിട്ടുണ്ട്. ഞാൻ നഗരങ്ങളെ അറിയുന്നത്, അവിടുത്തെ വിഖ്യാതമായ സ്മാരകങ്ങൾ കൊണ്ടല്ല; മറിച്ച്, ഞാൻ സന്ദർശിച്ച തടവറകളുടെ പേരിലാണ്. ഒഡീസസിനെ അന്വേഷിച്ചു പോയ പുത്രൻ ടെലെമാക്കസിനെപ്പോലെ ആണ് ഞാൻ. എന്റെ യാത്ര ഇറ്റലിയിലെ തടവറകളിലേക്കായിരുന്നു, എനിക്ക് പ്രിയപ്പെട്ടവരിലേക്ക്.

വർഷങ്ങളായി എനിക്ക് സ്നേഹം കിട്ടുന്നില്ല. കാരണം ഞാൻ ജയിലിൽ കിടക്കുന്നവന്റെ മകളാണ്. എന്റെ അമ്മ വിഷാദരോഗത്തിന് അടിമയായി. കുടുംബം ആകെ തകർന്നു. ഈ ദാരുണകഥയുടെ ഭാരം വഹിക്കുവാൻ ആകെയുള്ളത് എനിക്കു കിട്ടുന്ന തുച്ഛമായ ശമ്പളമാണ്. ഒരിക്കലും ഒരു ബാല്യമില്ലാതെ മുതിർന്നവളായവളാണ് ഞാൻ. എന്റെ വീട്ടിലുള്ളതെല്ലാം ഓരോ കുരിശിന്റെ വഴിയാണ്. ജീവപര്യന്ത ശിക്ഷക്കു വിധിക്കപ്പെട്ടവരിൽ ഒരാളാണ് പിതാവ്. എന്റെ വിവാഹദിനത്തിൽ അദ്ദേഹം ഒപ്പം ഉണ്ടായിരുന്നെങ്കിൽ എന്നു ഞാൻ കൊതിച്ചു. അപ്പോൾ പക്ഷേ കിലോമീറ്ററുകൾ അകലെ അദ്ദേഹം എന്നെക്കുറിച്ച് ഓർത്തു കഴിയുകയായിരുന്നു. "ജീവിതം ഇങ്ങനെയാണ്", എന്നു ഞാൻ ആശ്വാസത്തിനായി എന്നോടുതന്നെ പറയാറുണ്ട്. അതു സത്യവുമാണ്. തങ്ങളുടെ മക്കൾ വളരുന്നതിനായി കാത്തുനില്ക്കുന്ന മതാപിതാക്കളുണ്ട്. എന്റെ കാര്യത്തിൽ, സ്നേഹം നല്കുന്നതിനായി എന്റെ പിതാവ് തിരിച്ചുവരുന്ന ദിനം ഞാൻ കാത്തിരിക്കുകയാണ്. എന്നെപ്പോലെയുള്ളവർക്ക് പ്രത്യാശ ഒരു ഉത്തരവാദിത്തമാണ്.

*കർത്താവായ യേശുവേ, ജറുസലേം നഗരിയിലെ സ്ത്രീകളോടുള്ള അവിടുത്തെ വചനങ്ങൾ ഞങ്ങൾ ഓരോരുത്തർക്കുമുള്ള മുന്നറിയിപ്പായി ഞങ്ങൾ കണക്കാക്കുന്നു. ഈ വചനങ്ങൾ മാനസാന്തരത്തിനുള്ള ക്ഷണമാണ്. വികാരപരമായ ആത്മീയതയിൽനിന്നും അവിടുത്തെ വചനത്തിൽ വേരുറച്ച വിശ്വാസത്തിലേക്കു കടക്കു*

*വാനുള്ള ക്ഷണം. ലജ്ജയുടെയും, പരിത്യജിക്കലിന്റെ സഹനത്തിന്റെയും, സാന്നിധ്യത്തിന്റെ അഭാവത്തിന്റെയും ഭാരം വഹിക്കുവാൻ വിധിക്കപ്പെടുന്ന എല്ലാവർക്കും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. മാതാപിതാക്കളുടെ പാപങ്ങൾ മക്കളിൽ പതിക്കാതിരിക്കുവാനുള്ള അനുഗ്രഹം ഞങ്ങൾക്കും നല്കണമെ. ആമ്മേൻ.*

*നമുക്ക് പ്രാർത്ഥിക്കാം.*

*നല്ല ദൈവമേ, എല്ലാ ദയയുടെയും പിതാവേ, ജീവിതത്തിന്റെ പരീക്ഷണങ്ങളിൽ അങ്ങ് അവിടുത്തെ മക്കളെ ഉപേക്ഷിക്കുകയില്ലല്ലോ. അവിടുത്തെ സ്നേഹത്തിൽ ആശ്വസിക്കുവാനും അവിടുത്തെ സാന്നിധ്യത്തിന്റെ സാന്ത്വനം ആസ്വദിക്കുവാനും വേണ്ട കൃപ ഞങ്ങൾക്കു നല്കണമെ. കർത്താവായ ക്രിസ്തുവഴി സമർപ്പിക്കുന്ന ഈ പ്രാർത്ഥന കേട്ടരുളേണമെ. ആമ്മേൻ*

### ഒമ്പതാം സ്ഥലം

## ഈശോ മൂന്നാം പ്രാവശ്യം വീഴുന്നു

*(ഒരു തടവുകാരന്റെ വിചിന്തനം)*

*യൗവനത്തിൽ നുകംവഹിക്കുന്നത് മനുഷ്യനു നല്ലതാണ്. അവിടുന്ന് അത് അവന്റെമേൽ വയ്ക്കുമ്പോൾ അവൻ ഏകനായി മൗനമായിരിക്കട്ടെ! അവൻ മുഖം മണ്ണിൽ പൂഴ്ത്തട്ടെ! ഇനിയും പ്രത്യാശയ്ക്കു വകയുണ്ട്. അവന്റെ കവിൾത്തടം തല്ല് ഏറ്റുവാങ്ങട്ടെ! നിന്ദനംകൊണ്ട് അവന് നിറയട്ടെ! എന്തെന്നാൽ, കർത്താവ് എന്നേക്കുമായി ഉപേക്ഷിക്കുകയില്ല. അവിടുന്ന് വേദനിപ്പിച്ചാലും തന്റെ കാരുണ്യാതിരേകത്തിന് അനുസൃതമായി ദയകാണിക്കും. (വിലാ. 3:27–32)*

ഒരിക്കലും ആഹ്ലാദകരമല്ലാത്ത അനുഭവമാണ് വീഴ്ച. അത് അസന്തുഷ്ടി ഉണ്ടാക്കുന്നുവെന്നതിനും അപ്പുറം വീണ്ടും വീണ്ടും വീഴുന്നത് ഒരുതരം ശാപംപോലെ തോന്നിപ്പോകും. തനിക്ക് ഇനിമേൽ സ്വന്തം പാദങ്ങളിൽ നിവർന്നുനില്ക്കാനാവില്ല എന്നപോലെ. ഒരു മനുഷ്യൻ എന്നനിലയിൽ പലവട്ടം വീണവനാണ് ഞാൻ. പലതവണ എഴുന്നേല്ക്കുകയും ചെയ്തു. തടവറയിൽ കിടക്കുമ്പോൾ ഞാൻ പലപ്പോഴും ഓർക്കാറുണ്ട്, എത്രവട്ടം വീണശേഷമാണ് ഒരു കുഞ്ഞു നടന്നുതുടങ്ങുക എന്ന്. മുതിർന്നവർ എന്ന നിലയിൽ നമുക്കുണ്ടാ

കാവുന്ന വീഴ്ചകൾക്കുള്ള തയ്യാറെടുപ്പുകൂടിയാണ് ഇതെന്നു ഞാൻ ചിന്തിക്കാറുണ്ട്. കുട്ടിയെന്ന നിലയിൽ എനിക്ക് എന്റെ വീടും തടവറ പോലെയായിരുന്നു. ശിക്ഷയുടെ ഭീതിയിലാണ് ഞാൻ വളർന്നത്. മുതിർന്നവരുടെ വിഷാദത്തിനും കുട്ടികളുടെ തോന്ന്യാസത്തിനും ഇടയിൽ. അക്കാലത്തെക്കുറിച്ചുള്ള ഓർമ്മകളിലെ സന്തോഷത്തിന്റെ ഏക രൂപമായി സിസ്റ്റർ ഗബ്രിയേല കടന്നുവരുന്നു. എന്നിലെ നന്മ കണ്ട ഏക വ്യക്തിയാണവർ. പത്രോസിനെപ്പോലെ, എന്റെ വീഴ്ച കൾക്കു ഞാൻ പല ന്യായങ്ങൾ കണ്ടിട്ടുണ്ട്. അത്ഭുതകരമായത് ഇതാണ്, എക്കാലവും നന്മയുടെ ഒരു അംശം എന്നിൽ സജീവ മായിരുന്നു.

തടവറയിലായിരിക്കുമ്പോൾ ഞാൻ ഒരു മുത്തച്ഛനായി. എന്റെ മകളുടെ ഗർഭകാലം ഞാൻ കണ്ടില്ല. ഒരു ദിവസം ഞാൻ എന്റെ കൊച്ചുമകളോട് ഞാൻ കണ്ട നന്മകളെക്കുറിച്ച് പറയും; ഞാൻ ചെയ്ത തിന്മയെക്കുറിച്ച് പറയുകയുമില്ല. ഞാൻ നിലത്തുവീണുകിടന്നപ്പോൾ എന്നിലേക്ക് ദൈവത്തിന്റെ കാരുണ്യം സംവഹിച്ച വ്യക്തിയെക്കുറിച്ച് ഞാൻ പറയും. തടവറയിലെ ഏറ്റവും വലിയ നിരാശ ജീവിതത്തിന് ഇനിമേൽ അർത്ഥമില്ലെന്ന് കരുതുന്നതാണ്. അതാണ് ഏറ്റവും വലിയ സഹനം. ലോകത്തിലെ ഏകാന്തരായ എല്ലാവരിലും വച്ച് ഏറ്റവും ഏകാന്തത അനുഭവിക്കുന്നവൻ നിങ്ങളാണെന്ന് ഇവിടെവച്ച് നിങ്ങൾക്കുതോന്നും. ആയിരം കഷണങ്ങളായി ചീന്തിപ്പോയതാണ് എന്റെ ജീവിതം എന്നത് സത്യമാണ്. എന്നാൽ അവ ഇനിയും കൂട്ടിച്ചേർക്കാം എന്നതാണ് വിസ്മയകരമായ സത്യം. അത് എളുപ്പമല്ല. പക്ഷേ ഇവിടുത്തെ ജീവിതത്തെ അർത്ഥപൂർണ്ണമാക്കുന്നത് അത് മാത്രമാണ്.

*കർത്താവായ യേശുവേ, കുരിശുമായി അവിടുന്ന് മൂന്നാം പ്രാവശ്യ വും നിലംപതിക്കുന്നു. ഇത് അന്ത്യമായി എന്നെല്ലാവരും കരുതു മ്പോൾ, ഒരിക്കൽക്കൂടി അവിടുന്ന് പിടഞ്ഞെഴുന്നേൽക്കുന്നു. ഞങ്ങൾ ദൃഢവിശ്വാസത്തോടെ അങ്ങയുടെ സ്വർഗീയപിതാവിന്റെ തൃക്കരങ്ങളി ലേയ്ക്ക് ഞങ്ങളെത്തന്നെ സമർപ്പിക്കുന്നു. തങ്ങളുടെ പിഴവുകളുടെ അഗാധഗർത്തങ്ങളിൽ ബന്ധിതരായി വേദനയനുഭവിക്കുന്ന എല്ലാവരെയും ഞങ്ങൾ ദൈവപിതാവിനു ഭരമേല്പിക്കുന്നു. അങ്ങനെ, തങ്ങളുടെ വീഴ്ചകളിൽനിന്ന് എഴുന്നേൽക്കുവാനുള്ള കരുത്തും രക്ഷാമാർഗ്ഗങ്ങൾ സ്വീകരിക്കുവാനുള്ള ധൈര്യവും അവർക്കു സംസിദ്ധമാകട്ടെ.*

*നമുക്ക് പ്രാർത്ഥിക്കാം*

*അങ്ങയിൽ പ്രത്യാശിക്കുന്നവരുടെ ബലമായ നല്ല ദൈവമേ, അങ്ങയുടെ കല്പനകളെ അനുസരിക്കുന്നവർക്ക് അങ്ങ് സമാധാനം നല്കുന്നുവല്ലോ. ഞങ്ങളുടെ ഇടറിപ്പോകുന്ന ചുവടുകളെ നിയന്ത്രിക്കണമേ. അവിശ്വസ്തത നിമിത്തം ഞങ്ങൾ നിലംപതിക്കുമ്പോൾ ഞങ്ങളെ വീണ്ടെടുക്കണമേ. ഞങ്ങളുടെ മുറിവുകളിൽ സാന്ത്വനത്തിന്റെ തൈലവും പ്രത്യാശയുടെ വീഞ്ഞും ലേപനം ചെയ്യണമേ. കർത്താവായ ക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന കേട്ടരുളേണമേ.*

**പത്താം സ്ഥലം**

## ഈശോയുടെ വസ്ത്രങ്ങൾ ഉരിഞ്ഞുനീക്കുന്നു

*(ജയിലിലെ ഒരു അധ്യാപകൻ നടത്തുന്ന വിചിന്തനം)*

*പടയാളികൾ യേശുവിനെ ക്രൂശിച്ചതിനുശേഷം അവന്റെ വസ്ത്രങ്ങൾ നാലായി ഭാഗിച്ചു - ഓരോ പടയാളിക്കും ഓരോ ഭാഗം. അവന്റെ അങ്കിയും അവർ എടുത്തു. അതാകട്ടെ, തുന്നലില്ലാതെ മുകൾമുതൽ അടിവരെ നെയ്തുണ്ടാക്കിയതായിരുന്നു. ആകയാൽ, അവർ പരസ്പരം പറഞ്ഞു: നമുക്ക് അതുകീറേണ്ടാ; പകരം, അത് ആരുടേതായിരിക്കണമെന്നു കുറിയിട്ടു തീരുമാനിക്കാം. എന്റെ വസ്ത്രങ്ങൾ അവർ ഭാഗിച്ചെടുത്തു. എന്റെ അങ്കിക്കുവേണ്ടി അവർ കുറിയിട്ടു എന്ന തിരുവെഴുത്തു പൂർത്തിയാകാൻ വേണ്ടിയാണ് പടയാളികൾ ഇപ്രകാരംചെയ്തത് (യോഹ. 19:23-24).*

ജയിലിലെ അധ്യാപകൻ എന്ന നിലയിൽ എല്ലാം നഷ്ടപ്പെട്ട വ്യക്തികൾ ജയിലിൽ എത്തുന്നത് ഞാൻ കണ്ടിട്ടുണ്ട്. തങ്ങൾ ചെയ്ത കുറ്റങ്ങൾമൂലം എല്ലാ അന്തസും നഷ്ടപ്പെട്ടവർ; തങ്ങളുടെയും മറ്റുള്ളവരുടെയും അന്തസ് നഷ്ടപ്പെടുത്തിയവർ. അഴികൾക്കുള്ളിൽ അനുദിനം അവർ കൂടുതൽ കൂടുതൽ ആശ്രയിക്കുന്നവരായി മാറുന്നതും ഞാൻ കാണാറുണ്ട്. ഒരു കത്തെഴുതുവാൻ പോലും അവർക്ക് എന്റെ സഹായം വേണ്ടിവരുന്നു. എന്റെ പരിപാലനക്കായി ഏല്പ്പിക്കപ്പെടുന്നത് ഇത്തരം ജീവിതങ്ങളാണ്: നിസഹായർ. തങ്ങളുടെ ബലഹീനതമൂലം ആകെ അസ്വസ്ഥർ. തങ്ങൾ ചെയ്ത തെറ്റുപോലും മനസിലാക്കുവാൻ പലപ്പോഴും സാധിക്കാത്തവർ. ചിലപ്പോഴെങ്കിലും ഇനിയും പരിശീലിപ്പിച്ചെടുക്കാനാവുന്ന ശിശുക്കളെപ്പോലെ അവർ പെരുമാറാറുണ്ട്. അവരുടെ ജീവിതങ്ങൾക്കു

പുത്തൻദിശാബോധം കൊടുക്കാനാവും എന്നാണ് എന്റെ പക്ഷം; നിശ്ചയമായും തിന്മകളിൽനിന്നും വിട്ടകലുവാൻ അവർക്കു സാധിക്കും.

എന്റെ കരുത്തും അനുദിനം ശോഷിക്കുകയാണ്. അനുദിനം ഈ കോപവും വേദനയും നിഗൂഢമായ വിദ്വേഷവും അഭിമുഖീകരിക്കുന്നത് ഞങ്ങളിലെ ഏറ്റവും അനുഭവസമ്പത്തുള്ള ആളെയും തളർത്തുന്നു.

മയക്കുമരുന്നിന് അടിമയായ ഒരു യുവാവ് എന്റെ അമ്മയെ വധിച്ചപ്പോഴാണ് ഞാൻ ഈ ജോലി തെരഞ്ഞെടുത്തത്. ആ തിന്മയെ നന്മ കൊണ്ടു നേരിടാൻ ഞാൻ നിശ്ചയിച്ചു. ഈ തൊഴിൽ എനിക്ക് ഇഷ്ടമാണെങ്കിലും മുന്നോട്ടുപോകുന്നതിന് കരുത്തു ലഭിക്കാൻ ചിലപ്പോൾ ഞാൻ വല്ലാതെ ബുദ്ധിമുട്ടാറുണ്ട്.

ഇത്രയും സുപ്രധാനമായ ഒരു ജോലിയിൽ, ഞങ്ങളെ ഭരമേല്പ്പി ച്ചിട്ടുള്ള നിരവധിയായ ജീവിതങ്ങളെ, ഓരോ ദിവസവും തകർക്കപ്പെടാൻ അപകടസാധ്യതയുള്ള ജീവിതങ്ങളെ ബലപ്പെടുത്തു ന്നതിന് ഞങ്ങൾ പരിത്യജിക്കപ്പെടുന്നില്ല എന്ന് ഞങ്ങൾ തന്നെ അനുഭവിക്കേണ്ടതുണ്ട്.

*കർത്താവായ യേശുവേ, തിരുവസ്ത്രങ്ങൾ ഉരിഞ്ഞെടുക്കപ്പെട്ട അങ്ങയെ ഉറ്റുനോക്കുമ്പോൾ ഞങ്ങൾ അസ്വസ്ഥരും ലജ്ജിതരുമാ കുന്നു. ആദ്യമനുഷ്യനായ ആദം മുതൽ, നഗ്നസത്യത്തെ അഭിമുഖീക രിക്കാനാവാതെ ഒഴിഞ്ഞുമാറുന്നവരാണ് ഞങ്ങൾ. മാന്യതയുടെ മുഖാവരണങ്ങൾക്കുപിന്നിൽ ഞങ്ങൾ ഒളിക്കുന്നു. പണത്തിനും അധികാരത്തിനും വേണ്ടിയുള്ള ഞങ്ങളുടെ അത്യാഗ്രഹത്താൽ ചൂഷണം ചെയ്യപ്പെടുന്ന ദരിദ്രരുടെ ഉടയാടകൾ പലപ്പോഴും എടുത്തണിഞ്ഞ്, ഞങ്ങൾ അവയെ വഞ്ചനയുടെ വസ്ത്രങ്ങളാക്കുന്നു. കാപട്യത്തിന്റെ ആയുധങ്ങൾ എന്നേയ്ക്കുമായി ഉപേക്ഷിക്കുവാനും, കൂടുതൽ എളിയവരും സുതാര്യരും സത്യസന്ധരുമാകുവാനും ദൈവപിതാവ് കാരുണ്യത്തോടും ക്ഷമയോടുംകൂടെ ഞങ്ങളെ സഹായിക്കട്ടെ.*

*നമുക്ക് പ്രാർത്ഥിക്കാം*

*നല്ല ദൈവമേ, അങ്ങയുടെ സത്യത്താൽ അങ്ങ് ഞങ്ങളെ സ്വതന്ത്രരാക്കിയല്ലോ. ഞങ്ങളുടെ ആന്തരികപ്രതിരോധങ്ങളെ നീക്കം ചെയ്യണമേ. ലോകത്തിൽ അങ്ങയുടെ മഹത്വത്തെ ഞങ്ങൾ പ്രതിഫലിപ്പിക്കുവാൻ, ഞങ്ങളെ അങ്ങയുടെ പ്രകാശത്താൽ ആവരണം ചെയ്യണമേ. കർത്താവായ ക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന കേട്ടരുളേണമേ.*

### പതിനൊന്നാം സ്ഥലം

## ഈശോ കുരിശിൽ തറയ്ക്കപ്പെടുന്നു

*(ഒരിക്കൽ ശിക്ഷിക്കപ്പെടുകയും പിന്നീട് കുറ്റവിമുക്തനാക്കപ്പെടുകയും ചെയ്ത ഒരു വൈദികൻ നടത്തുന്ന വിചിന്തനം)*

*തലയോട് എന്നു വിളിക്കപ്പെടുന്ന സ്ഥലത്ത് അവർ വന്നു. അവിടെ അവർ അവനെ കുരിശിൽ തറച്ചു; ആ കുറ്റവാളികളെയും– ഒരുവനെ അവന്റെ വലത്തുവശത്തും ഇതരനെ ഇടത്തുവശത്തും– ക്രൂശിച്ചു. യേശു പറഞ്ഞു: ''പിതാവേ, അവരോടു ക്ഷമിക്കണമേ; അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല.'' അവന്റെ വസ്ത്രങ്ങൾ ഭാഗിച്ചെടുക്കാൻ അവർ കുറിയിട്ടു. ജനംനോക്കിനിന്നു. പ്രമാണികളാകട്ടെ അവനെ പരിഹസിച്ചുപറഞ്ഞു: "ഇവൻ മറ്റുള്ളവരെ രക്ഷിച്ചു. ഇവന് ദൈവത്തിന്റെ ക്രിസ്തു ആണെങ്കിൽ, അവിടുത്തെ തിരഞ്ഞെടുക്കപ്പെട്ടവനാണെങ്കിൽ, തന്നെത്തന്നെ രക്ഷിക്കട്ടെ." പടയാളികൾ അടുത്തുവന്ന് വിനാഗിരികൊടുത്ത് അവനെ പരിഹസിച്ചുപറഞ്ഞു: "നീ യഹൂദരുടെ രാജാവാണെങ്കിൽ നിന്നെത്തന്നെ രക്ഷിക്കുക." 'ഇവൻ യഹൂദരുടെ രാജാവ്' എന്ന ഒരു ലിഖിതം അവന്റെ ശിരസ്സിനുമീതെ ഉണ്ടായിരുന്നു. കുരിശിൽ തൂക്കപ്പെട്ടിരുന്ന കുറ്റവാളികളിൽ ഒരുവൻ അവനെ ദുഷിച്ചുപറഞ്ഞു; ''നീ ക്രിസ്തുവല്ലേ? നിന്നെയും ഞങ്ങളെയും രക്ഷിക്കുക!'' അപരൻ അവനെ ശകാരിച്ചു പറഞ്ഞു: "നീ ദൈവത്തെ ഭയപ്പെടുന്നില്ലേ? നീയും അതേ ശിക്ഷാവിധിയിൽ തന്നെയാണല്ലോ. നമ്മുടെ ശിക്ഷാവിധി ന്യായമാണ്. നമ്മുടെ പ്രവൃത്തികൾക്കു തക്ക പ്രതിഫലം നമുക്കു ലഭിച്ചിരിക്കുന്നു. ഇവന് ഒരു തെറ്റുംചെയ്തിട്ടില്ല." അവൻ തുടർന്നു: "യേശുവേ, നീ നിന്റെ രാജ്യത്തു പ്രവേശിക്കുമ്പോൾ എന്നെയും ഓർക്കണമേ!" യേശു അവനോട് അരുളിച്ചെയ്തു: "സത്യമായി ഞാൻ നിന്നോടു പറയുന്നു, നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും" (ലൂക്കാ 23: 33–43).*

ക്രിസ്തു കുരിശിൽ തറയ്ക്കപ്പെടുന്നു. ഒരു വൈദികൻ എന്ന നിലയിൽ സുവിശേഷത്തിലെ ഈ സംഭവം എത്രയോ വട്ടം ഞാൻ ധ്യാനിച്ചിട്ടുണ്ട്. പിൽക്കാലത്ത് ഒരിക്കൽ അവർ എന്നെ ക്രൂശിച്ചപ്പോൾ ഞാൻ ആ മരത്തിന്റെ മുഴുവൻ ഭാരവും അനുഭവിച്ചു. വാക്കുകളിലൂടെ നടത്തിയ ആരോപണങ്ങൾ ആ ആണികളെക്കാൾ കൂർത്തതായി.

കാൽവരികയറ്റം അതീവ കുത്തനെയായി. വേദന എന്നെ തകർത്തു. കോടതിമുറിക്കു പുറത്ത് എന്റെ പേര് ഒട്ടിച്ചുവച്ചിരിക്കുന്നത് കാണേണ്ടിവന്ന അവസരമായിരുന്നു ഏറ്റവും ഇരുണ്ട നിമിഷം. കുറ്റം ചെയ്യാത്ത ഞാൻ എന്റെ നിരപരാധിത്വം തെളിയിക്കുവാൻ നിർബന്ധിക്കപ്പെടുകയാണെന്ന് തിരിച്ചറിഞ്ഞു. പത്തുവർഷം ഞാൻ കുരിശിൽത്തന്നെ ആയിരുന്നു. എന്റെ കുരിശിന്റെ വഴി കേസുകെട്ടിന്റെ ഫയലുകളാൽ, തെറ്റിദ്ധാരണകളാൽ, കുറ്റാരോപണങ്ങളാൽ, അവഹേളനങ്ങളാൽ നിബിഡമായിരുന്നു. കോടതിമുറിയിലെത്തുന്ന ഓരോ നിമിഷവും ഞാൻ ക്രൂശിതരൂപം എവിടെയെന്നാണ് പരതിയത്. നിയമം എന്റെ കഥ പരിശോധിക്കുമ്പോൾ ഞാൻ ആ ക്രൂശിതരൂപ ത്തിൽത്തന്നെ ദൃഷ്ടിപതിപ്പിച്ചു.

ഒരുവേള, അപമാനഭാരംകൊണ്ട്, എല്ലാം അവസാനിപ്പിക്കുന്നത് കൂടുതൽ നന്നായിരിക്കുമെന്ന് ഞാൻ ചിന്തിച്ചുപോയിട്ടുണ്ട്. പക്ഷെ, തുടർചിന്തയിൽ ഒരു പുരോഹിതനായി എപ്പോഴും തുടരാൻ മനസ് തീരുമാനിച്ചു. എന്റെ കുരിശിന്റെ ഭാരം കുറയ്ക്കാൻ ഞാൻ ഒരിക്കലും ശ്രമിച്ചില്ല; നിയമം അനുവദിച്ചപ്പോൾ പോലും. സാധാരണ വിചാരണ ക്കായി പതിവായി ഞാൻ കോടതിയിലെത്തി. അത് എന്നോടുള്ള, വർഷങ്ങളോളം സെമിനാരിയിൽ ഞാൻ പഠിപ്പിച്ച ആ യുവാക്കളോ ടുള്ള, അവരുടെ കുടുംബങ്ങളോടുള്ള ഉത്തരവാദിത്തമായി ഞാൻ കരുതി. ഞാൻ എന്റെ കാൽവരി കയറിയപ്പോൾ ഞാൻ അവരെയെല്ലാം വഴിമധ്യേ കണ്ടു. അവർ എന്റെ കിറേനെക്കാരായി: അവർ എന്നോ ടൊപ്പം കുരിശിന്റെ ഭാരം വഹിച്ചു, അവർ എന്റെ കണ്ണീർ ഒപ്പി, എന്നോടുചേർന്ന് അവരും എനിക്കെതിരെ പരാതിപ്പെട്ട യുവാവിനു വേണ്ടി പ്രാർത്ഥിച്ചു. അവർ അത് ഒരിക്കലും അവസാനിപ്പിച്ചില്ല. അവസാനം എന്നെ പൂർണ്ണമായും കുറ്റവിമുക്തനാക്കിയപ്പോൾ പത്തുവർഷം മുമ്പുണ്ടായിരുന്നതിനേക്കാൾ സന്തോഷമുള്ളവനായി ഞാൻ കാണപ്പെട്ടു. ദൈവം എന്റെ ജീവിതത്തിൽ ഇടപെടുന്നത് ഞാൻ നേരിട്ട് അനുഭവിച്ചു. കുരിശിൽ തൂങ്ങിക്കിടന്നുകൊണ്ട്, ഞാൻ എന്റെ പൗരോഹിത്യത്തിന്റെ വില ശരിക്കും മനസിലാക്കി.

*കർത്താവായ യേശുവേ, അവസാനംവരെ അങ്ങ് ഞങ്ങൾക്കായി നൽകിയ സ്നേഹമാണ് അങ്ങയെ കുരിശിലേയ്ക്ക് വഴി നടത്തിയത്. മരണം വരിക്കുമ്പോഴും, അങ്ങ് ഞങ്ങളോട് പിന്നെയും ക്ഷമിക്കുകയും ഞങ്ങൾക്ക് ജീവൻ നൽകുകയും ചെയ്യുന്നു. ചരിത്രത്തിൽ ഉടനീളം അനീതി നിറഞ്ഞ ശിക്ഷാവിധികൾ സഹിക്കേണ്ടിവന്നിട്ടുള്ള നിഷ്കളങ്കരായ എല്ലാ സ്ത്രീപുരുഷന്മാരെയും ഞങ്ങൾ അങ്ങയുടെ*

*ദൈവപിതാവിനു ഭരമേല്പിക്കുന്നു. "നീ ഇന്ന് എന്നോടുകൂടെ പറുദീസയിൽ ആയിരിക്കും" എന്ന അങ്ങയുടെ തിരുവചനങ്ങൾ അവരുടെ ഹൃദയങ്ങളിൽ പ്രതിധ്വനിക്കട്ടെ.*

*നമുക്ക് പ്രാർത്ഥിക്കാം*

*കാരുണ്യത്തിന്റെയും പാപക്ഷമയുടെയും ഉറവിടമായ നല്ല ദൈവമേ, മനുഷ്യരാശിയുടെ യാതനകളിൽ സ്വയം വെളിപ്പെടുത്തുന്ന അങ്ങ്, ക്രൂശിതനായ യേശുവിന്റെ തിരുമുറിവുകളിൽനിന്നു പ്രവഹിക്കുന്ന കൃപയാൽ ഞങ്ങളെ പ്രകാശിതരാക്കണമേ. പരീക്ഷണത്തിന്റെ ഇരുണ്ട രാത്രിയിൽ ഉടനീളം ഞങ്ങളെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തണമേ. കർത്താവായ ക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന കേട്ടരുളേണമേ.*

*ആമേൻ*

### പന്ത്രണ്ടാം സ്ഥലം

## ഈശോ കുരിശിൽ തൂങ്ങി മരിക്കുന്നു

*(ഒരു സിവിൽ മജിസ്ട്രേറ്റിന്റെ വിചിന്തനം)*

*അപ്പോൾ ഏകദേശം ആറാംമണിക്കൂർ ആയിരുന്നു. ഒൻപതാം മണിക്കൂർ വരെ ഭൂമിമുഴുവൻ അന്ധകാരം വ്യാപിച്ചു. സൂര്യൻ ഇരുണ്ടു. ദേവാലയത്തിലെ തിരശ്ശീല നടുവേകീറി. യേശു ഉച്ചത്തിൽ നിലവിളിച്ചുപറഞ്ഞു: "പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു." ഇതുപറഞ്ഞ് അവിടുന്ന് ജീവൻ വെടിഞ്ഞു (ലൂക്കാ 23: 44-46)*

ഒരു സിവിൽ മജിസ്ട്രേറ്റ് എന്ന നിലയിൽ, എനിക്ക് ഒരു വ്യക്തിയെയും അയാൾ അനുഭവിക്കുന്ന ശിക്ഷയോടു താദാത്മ്യപ്പെടുത്തി വിലയിരുത്താനാവില്ല. അത് രണ്ടാമത്തെ ശിക്ഷയാവും. താൻ ചെയ്ത കുറ്റത്തിന് വ്യക്തി പരിഹാരം ചെയ്യണം. അങ്ങനെ ചെയ്യാതിരിക്കുന്നത് അവന്റെ കുറ്റത്തെ നിസാരവത്ക്കരിക്കലാവും. അവൻ മറ്റുള്ളവർക്ക് ഉണ്ടാക്കിയ ശാരീരികവും ധാർമ്മികവുമായ സഹനങ്ങൾക്കും, സഹിക്കാനാവാത്ത പ്രവൃത്തികൾക്കുമുള്ള ന്യായീകരണമാവും.

എങ്കിലും, യഥാർത്ഥ നീതി സാധ്യമാകുന്നത് ഒരു വ്യക്തിയെ എന്നെന്നേക്കുമായി കുരിശിലേറ്റാത്ത, പിന്നെയോ അവനെ

ഉണരുവാൻ സഹായിക്കുന്നതും, അവൻ ചെയ്ത എല്ലാ തിന്മകൾക്കു ശേഷവും അവന്റെ ഹൃദയത്തിലുള്ള പൂർണ്ണമായി കെടാത്ത നന്മ തിരിച്ചറിയുന്നതിലേക്ക് നയിക്കുന്നതുമായ കാരുണ്യത്തിലൂടെ മാത്രമാണ്. തന്റെ മനുഷ്യത്വം വീണ്ടും കണ്ടെത്താനാവുന്നതിലൂടെ മാത്രമാണ് കുറ്റാരോപിതനായ വ്യക്തിക്ക് മറ്റുള്ളവരിൽ, താൻ വല്ലാതെ ഉപദ്രവിച്ച ഇരയിലടക്കം, തന്നെത്തന്നെ കണ്ടെത്താനും കഴിയുക. അവന്റെ പുനർജീവനത്തിന്റെ പാത വളരെ ക്ലേശകരമായിരിക്കുന്നതു പോലെതന്നെ, പഴയ തിന്മയിൽ വീണ്ടും വീഴാനുള്ള സാധ്യത നിലനിൽക്കുന്നതുകൊണ്ടും അവന്റെ വ്യക്തിപരവും സാമൂഹിക വുമായ ചരിത്രം പുനർനിർമ്മിക്കുവാൻ വേറെ വഴിയില്ല.

ശിക്ഷയുടെ കാഠിന്യം വ്യക്തിയുടെ പ്രത്യാശയെ കഠിനമായ ശോധനയ്ക്കു വിധേയമാക്കുന്നു. അത് അവനെ, തന്റെ പ്രവൃത്തിക്കുള്ള ന്യായീകരണങ്ങൾ മറ്റൊരു കാഴ്ചപ്പാടിലൂടെ തന്നെത്തന്നെ വിലയിരുത്തുന്നതിനുള്ള അവസരമാകുമോയെന്ന് അന്വേഷിക്കുവാനും ചിന്തിക്കുവാനും സഹായിക്കുന്നു. എങ്കിലും, ഇങ്ങനെ ചെയ്യുന്നതിന് കുറ്റകൃത്യത്തിനു പിന്നിൽ ഒളിച്ചിരിക്കുന്ന വ്യക്തിയെ തിരിച്ചറിയുന്നത് എങ്ങനെയാണ് അവൻ പഠിക്കേണ്ടതുണ്ട്. ഈ പ്രക്രിയയിൽ, ആ വ്യക്തിയിൽ പ്രത്യാശ ജനിപ്പിക്കുവാൻ കഴിയുന്ന ഒരു ചക്രവാളത്തിന്റെ ഏകദേശദർശനമെങ്കിലും അവനു സിദ്ധിക്കാവുന്നതാണ് ശിക്ഷയുടെ കാലാവധി കഴിഞ്ഞാൽ, സമുഹത്തിലേക്ക് മടങ്ങുവാനും, തന്നെ പരിത്യജിച്ച സമൂഹം തുടർന്നും തന്നെ സ്വീകരിക്കുമെന്ന് പ്രത്യാശി ക്കുവാനും അവനെ പ്രാപ്തനാക്കുകയും ചെയ്യുന്നു.

എന്തെന്നാൽ, നാമെല്ലാവരും, കുറ്റങ്ങൾക്കുള്ള ശിക്ഷാവിധികൾ ഏറ്റുവാങ്ങുന്നവരടക്കം എല്ലാവരും ഒരേ മാനവകുലത്തിലെ മക്കളാണ്.

*കർത്താവായ യേശുവേ, സത്യത്തിന്റെ അടക്കാനാവാത്ത കരു ത്തിന്റെ മുൻപിൽ ഭയപ്പെട്ട്, അനീതി നിറഞ്ഞ വിധികർത്താക്കൾ നിശ്ചയിച്ച ദൂഷിതശിക്ഷാവിധിയുടെ ഫലമായാണ് അങ്ങ് മരിച്ചത്. ന്യായാധിപരെയും നിയമജ്ഞരെയും ഞങ്ങൾ അങ്ങയുടെ ദൈവ പിതാവിനു ഭരമേല്പിക്കുന്നു. രാജ്യത്തിനും പൗരന്മാർക്കും, പ്രത്യേക മായി ദാരിദ്ര്യത്തിന്റെ ദുരിതങ്ങൾ അനുഭവിക്കുന്നവർക്കും വേണ്ടി യുള്ള സേവനം സത്യസന്ധതയോടെ നിർവഹിക്കുന്നതിന് അവർക്കു കൃപ നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.*

*നമുക്ക് പ്രാർത്ഥിക്കാം*

*നീതിയുടെയും സമാധാനത്തിന്റെയും രാജാവായ നല്ലദൈവമേ, അങ്ങയുടെ ദിവ്യപുത്രന്റെ വിലാപത്തിൽ മാനവരാശി മുഴുവന്റെയും നിലവിളി അങ്ങ് ശ്രവിച്ചുവല്ലോ. ഒരു വ്യക്തിയെയും അയാൾ ചെയ്ത തിന്മയോടു താദാത്മ്യപ്പെടുത്താതിരിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ. അങ്ങയുടെ പരിശുദ്ധാത്മാവിന്റെ ചൈതന്യം എല്ലാവരിലും ദർശിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ. കർത്താവായ ക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന കേട്ടരുളേണമേ.*

*ആമേൻ*

### പതിമൂന്നാം സ്ഥലം

## ഈശോയുടെ ശരീരം കുരിശിൽ നിന്നും ഇറക്കുന്നു

*(സന്നദ്ധപ്രവർത്തകനായ ഒരു സന്യാസസഹോദരന്റെ വിചിന്തനം)*

*യഹൂദരുടെ ഒരു പട്ടണമായ അരിമത്തിയായിൽ നിന്നുള്ള ജോസഫ് എന്നൊരുവൻ അവിടെ ഉണ്ടായിരുന്നു. ആലോചനാസംഘത്തിലെ അംഗമായ അവൻ നല്ലവനും നീതിമാനുമായിരുന്നു. അവൻ അവരുടെ ആലോചനകളിലോ പ്രവൃത്തികളിലോ പങ്കുചേർന്നിരുന്നില്ല; ദൈവരാജ്യം പ്രതീക്ഷിച്ചിരിക്കുകയുമായിരുന്നു. അവൻ പീലാത്തോസിന്റെ അടുത്തെത്തി യേശുവിന്റെ ശരീരം ചോദിച്ചു. അവൻ അതു താഴെയിറക്കി ഒരു തുണിയിൽപൊതിഞ്ഞ്, പാറയിൽ വെട്ടിയുണ്ടാക്കിയതും ആരെയും അന്നുവരെ സംസ്കരിച്ചിട്ടില്ലാത്തതുമായ ഒരു കല്ലറയിൽ വച്ചു. (ലൂക്കാ 23: 50-53)*

തടവുകാർ എക്കാലത്തും എനിക്ക് ഗുരുക്കന്മാരായിരുന്നു. 60 വർഷം മുമ്പ് ഒരു സന്നദ്ധപ്രവർത്തക സന്യാസിയായി ഞാൻ ജയിലിൽ പോയി. ഞാൻ എന്നും ആ ദിവസത്തെ ഓർത്ത് സന്തോഷിക്കും. കാരണം ഈ നിഗൂഢലോകം അന്നാണ് ഞാൻ ആദ്യമായി കണ്ടത്. അവരുടെ മുഖം കാണുമ്പോൾ എനിക്കു വളരെ വ്യക്തമാകുന്ന ഒന്നുണ്ട്: എന്റെ ജീവിതം വേറൊരു ദിശയിലൂടെ സഞ്ചരിച്ചിരുന്നെങ്കിൽ അവരുടെ സ്ഥാനത്ത് ഞാൻ ആയിരിക്കാവുന്നതായിരുന്നു. ക്രൈസ്തവരായ നാം പലപ്പോഴും വീണുപോകുന്ന ഒരു മിഥ്യാധാരണയുണ്ട്.

നാം മറ്റുള്ളവരെക്കാൾ നല്ലവരാണെന്ന ചിന്ത. പാവങ്ങളോട് നാം കാണിക്കുന്ന കരുതൽ നമ്മെ മറ്റുള്ളവരുടെ വിധികർത്താക്കളാക്കുന്നു. നാം മറ്റുള്ളവരെ നമുക്കഇഷ്ടമനുസരിച്ചു വിധിക്കുന്നു, തിരുത്തലുകൾ അനുവദിക്കാത്ത വിധികൾ.

തന്റെ ഇഹലോകജീവിതകാലത്ത്, യേശു ബോധപൂർവ്വം സമൂഹ ത്തിലെ ഏറ്റവും എളിയവർക്ക് ഒപ്പം നിന്നു. അവിടുന്ന് ലോകത്തിന്റെ മറന്നുപോയ പ്രാന്തങ്ങളിലൂടെയാണ് സഞ്ചരിച്ചത്: കള്ളന്മാരുടെയും കുഷ്ഠരോഗികളുടെയും വേശ്യകളുടെയും ആഭാസന്മാരുടെയും നടുവിലൂടെ. ദാരിദ്ര്യത്തിന്റെയും ഏകാന്തതയുടെയും ആകുലതയു ടെയും അനുഭവങ്ങളിൽ പങ്കാളിയാകുവാൻ അവിടുന്ന് ആഗ്രഹിച്ചു. “ഞാൻ കാരാഗൃഹത്തിലായിരുന്നു. നിങ്ങൾ എന്നെ സന്ദർശിച്ചു” എന്ന വാക്യത്തിന്റെ യഥാർത്ഥ അർത്ഥം അതാണെന്നാണ് ഞാൻ എപ്പോഴും കരുതിയിട്ടുള്ളത്. ഓരോ സെല്ലിനു മുന്നിലൂടെ കടന്നുപോകുമ്പോഴും അതിനുള്ളിൽ ജീവിക്കുന്ന മരണത്തെ ഞാൻ കാണുന്നു. തടവറകൾ വ്യക്തികളെ ജീവനോടെ അടക്കംചെയ്തുകൊണ്ടിരിക്കുന്നു. ആർക്കും ഇനിമേൽ കേൾക്കാൻ താത്പര്യം ഇല്ലാത്തവയാണ് അവരുടെ കഥകൾ. ഓരോ തവണയും ഈശോ എന്നോട് പറയുന്നു. ‘പോവുക. നിർത്ത രുത്. അവരെ നിന്റെ കൈകളിൽ വീണ്ടും എടുക്കുക’ എനിക്ക് അവിടു ത്തെ അനുസരിക്കാതിരിക്കുവാൻ ആവില്ല. ഏറ്റവും ചീത്ത മനുഷ്യ നിലും അവിടുന്ന് എപ്പോഴും സന്നിഹിതനാണ്. അവിടുത്തെക്കുറി ച്ചുള്ള അവരുടെ ഓർമ്മകൾ എത്ര ദുർബലമായാലും. എനിക്ക് തിരക്കിട്ട ജോലികൾ അവസാനിപ്പിക്കണം. തിന്മകൾകൊണ്ടു കളങ്കി തമായ ആ മുഖങ്ങൾക്കുമുന്നിൽ നിശബ്ദനായി ഇരിക്കണം. അവരെ കരുണയോടെ ശ്രവിക്കണം. അവൻ ചെയ്ത തെറ്റിലേക്കുള്ള നോട്ടം തിരിക്കണം. ആ വ്യക്തിയെ അംഗീകരിക്കുവാനുള്ള ഏക മാർഗം ഇതാണ് എന്നാണ് എനിക്കു തോന്നുന്നത്. ഈ രീതിയിൽ മാത്രമേ ശരണപ്പെടുവാനും ദൈവികനന്മക്കായി പൂർണമായും വിട്ടുകൊടുക്കു വാനും സ്വയം വ്യത്യസ്തനായി കാണുവാനും അവനു സാധിക്കു കയുള്ളു.

*കർത്താവായ യേശുവേ, നിർദ്ദയമായ തിന്മയാൽ വിരൂപമാക്കപ്പെട്ട അങ്ങയുടെ തിരുശ്ശരീരം ഇപ്പോൾ ഭൂമിയുടെ ആഴങ്ങളിലേക്ക് നിക്ഷേ പിക്കപ്പെടുന്നു. ഇത് ഒരു പുതിയ സൃഷ്ടികർമ്മത്തിന്റെ നിമിഷമാണ്. അങ്ങയുടെ പിളർക്കപ്പെട്ട തിരുവിലാവിൽനിന്നു പിറവികൊണ്ട തിരു*

*സ്സഭയെ ഞങ്ങൾ ദൈവപിതാവിനു സമർപ്പിക്കുന്നു. പരാജയങ്ങളുടെയും പ്രതിഭാസങ്ങളുടെയും മുൻപിൽ ഒരിക്കലും പ്രത്യാശ നഷ്ടപ്പെടാതെ, ഞങ്ങളുടെ രക്ഷയുടെ ആനന്ദദായകമായ സുവിശേഷത്തെ ലോകമെങ്ങും സ്ഥിരോത്സാഹത്തോടെ സംവഹിക്കുന്നതിനു തിരുസ്സഭയ്ക്കു സാധ്യമാകട്ടെ.*

*നമുക്ക് പ്രാർത്ഥിക്കാം*

*സകലത്തിന്റെയും ആദിയും അന്ത്യവുമായ ദൈവമേ, ക്രിസ്തുവിന്റെ പെസഹാരഹസ്യത്തിലൂടെ അങ്ങ് മാനവരാശിയെ വിമോചിപ്പിച്ചുവല്ലോ. ആനന്ദത്തിന്റെയും കൃതജ്ഞതയുടെയും ചൈതന്യത്തോടെ അങ്ങയുടെ തിരുഹിതത്തിനു വിധേയരാകുവാൻ ഞങ്ങൾക്ക് വിശുദ്ധ കുരിശിന്റെ ജ്ഞാനം പ്രദാനം ചെയ്യണമേ. കർത്താവായ ക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന കേട്ടരുളേണമേ. ആമേൻ*

**പതിനാലാം സ്ഥലം**

## ഈശോയുടെ ശരീരം കല്ലറയിൽ സംസ്ക്കരിക്കുന്നു

*(ഒരു ജയിൽ അധികാരിയുടെ വിചിന്തനം)*

*അന്ന് ഒരുക്കത്തിന്റെ ദിവസമായിരുന്നു; സാബത്തിന്റെ ആരംഭവുമായിരുന്നു. ഗലീലിയിൽനിന്ന് യേശുവിനോടൊപ്പം വന്നിരുന്ന സ്ത്രീകൾ അവനോടൊപ്പം പോയി കല്ലറ കണ്ടു. അവന്റെ ശരീരം എങ്ങനെ സംസ്കരിച്ചുവെന്നും കണ്ടു. അവർ തിരിച്ചുചെന്ന് സുഗന്ധദ്രവ്യങ്ങളും ലേപനവസ്തുക്കളും തയ്യാറാക്കി. സാബത്തിൽ അവർ നിയമാനുസൃതം വിശ്രമിച്ചു. (ലൂക്കാ 23: 54–56)*

ജയിൽ അധികാരി എന്ന നിലയിലുള്ള എന്റെ ജോലിക്കിടയിൽ തടവറയിൽ ജീവിക്കുന്നവരുടെ വേദനകൾ ഞാൻ ദിവസവും നേരിട്ടു കാണുന്നവനാണ്. തിന്മചെയ്യുകയും മറ്റുള്ളവർക്കും അവരുടെ ജീവിതങ്ങളിലും അതികഠിനമായ ഉപദ്രവം ഏൽപിക്കുകയും ചെയ്ത വ്യക്തിയെ അഭിമുഖീകരിക്കുക അത്ര എളുപ്പമല്ല. തടവറയിൽ അധികാരികൾ പുലർത്തുന്ന നിസംഗതയുടെ മനോഭാവത്തിന് പരാജയപ്പെട്ടവനും നീതിക്കുള്ള വില കൊടുക്കുന്നവനുമായ ഒരുവന്റെ

ചരിത്രത്തിൽ കൂടുതൽ ദോഷം വരുത്താനാവും. എന്റെ മാർഗ്ഗദർശിയായിരുന്ന ഒരു സഹപ്രവർത്തകൻ പറഞ്ഞത് ഓർക്കുന്നു. "തടവറ നിങ്ങളെ പരിവർത്തനം ചെയ്യുന്നു. ഒരു നല്ല വ്യക്തി ക്രൂരതനിറഞ്ഞവൻ ആയിത്തീരാം. ചീത്ത മനുഷ്യൻ നല്ലവനും ആവാം." ഫലം എന്നെക്കൂടി ആശ്രയിച്ചാണ് ഇരിക്കുക. നമ്മുടെ ജോലിയുടെ ലക്ഷ്യം കൈവരിക്കുന്നതിന്, അതായത്, തെറ്റു ചെയ്ത ഒരാൾക്ക് മറ്റൊരു സാധ്യത തുറന്നു കൊടുക്കുന്നതിന്, ഉറച്ച തീരുമാനം അത്യാവശ്യമാണ്. ഈ പരിശ്രമം നടത്തുന്നതിന്, മനുഷ്യത്വത്തിന്റെ സ്പർശനം ഇല്ലാതെ സെല്ലുകൾ തുറക്കുകയും അടയ്ക്കുകയും ചെയ്യുന്നതിൽ മാത്രം ഞാൻ ശ്രദ്ധിച്ചാൽ മതിയാവില്ല.

പരസ്പരം മർദ്ദനമനോഭാവം പുലർത്തുന്ന ഈ ലോകത്ത് ഓരോ വ്യക്തിയുടെയും ജീവിതതാളത്തെ ആദരിക്കുന്നതിലൂടെ, മനുഷ്യ ബന്ധങ്ങളെ പടിപടിയായി വളർത്തിയെടുക്കുന്നതിന് സാധിക്കും. ആംഗ്യങ്ങൾ, മനോഭാവങ്ങൾ, താഴ്ന്ന സ്വരത്തിലാണ് പറയുന്നത് എങ്കിൽപ്പോലും വ്യത്യാസം ഉണർത്താൻ കഴിയുന്ന വാക്കുകൾ എന്നിവകളിലൂടെയാണ് ഇത് സാധ്യമാകുന്നത്. എന്റെ യുണിഫോം അഭിമാനത്തോടെ ധരിച്ചുകൊണ്ടുതന്നെ, "സ്ഥിരം ഡീക്കൻ" എന്ന നിലയിലുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ എനിക്ക് ലജ്ജയില്ല. സഹനവും നിരാശയും അറിയുന്നവനാണ് ഞാൻ. എന്റെ ബാല്യ കാലത്ത് അവയെല്ലാം ഞാനും സഹിച്ചിട്ടുണ്ട്. അഴിക്കുള്ളിലായിരി ക്കുന്നവർക്ക് ഒരു മാതൃകയാവണം എന്ന ചെറിയ ഉദ്ദേശമാണ് എനിക്കുള്ളത്. ഒരു ദിവസം തടവറയിൽ നിന്നും പുറത്തുപോകുന്ന തിനെയും സമൂഹത്തിൽ വീണ്ടും തിരസ്കൃതനാകുന്നതിനുള്ള സാധ്യതയെയും കുറിച്ചു ചിന്തിച്ച് ഭയപ്പെടുന്ന, തനിക്ക് താൻ മാത്രം എന്ന അവസ്ഥയിലായ അവരിൽ പ്രത്യാശ സജീവമാക്കുവാൻ ഞാൻ അത്യധ്വാനം ചെയ്യുന്നു.

ദൈവം കൂടെയുള്ളപ്പോൾ, ഒരു പാപത്തിനും അവസാനവാക്കായി പരിണമിക്കാനാവില്ലയെന്ന്, ഞാൻ ജയിലിൽ ആയിരിക്കുന്നവരെ അനുസ്മരിപ്പിക്കുന്നു.

*കർത്താവായ യേശുവേ, ഒരിക്കൽക്കൂടി അവിടുന്ന് മനുഷ്യരുടെ കരങ്ങളാൽ നിയന്ത്രിക്കപ്പെടുന്നു. കുരിശിന്റെ വഴിയിലെ ഇതുവരെ യുള്ള അനുഭവങ്ങളിൽനിന്നു വ്യത്യസ്തമായി, ഈ നിമിഷങ്ങളിൽ സ്നേഹത്തിന്റെയും കരുതലിന്റെയും കരങ്ങളാലാണ് അങ്ങു സംവ ഹിക്കപ്പെടുന്നത്. അവ അരിമത്തിയാക്കാരൻ ജോസഫിന്റെയും*

*ഗലീലിക്കാരായ ഭക്തസ്ത്രീകളുടെയും കരങ്ങളാണ്. അങ്ങയുടെ തിരുശ്ശരീരം എത്രയോ അമൂല്യമാണെന്ന് അവർ അറിയുന്നു. അവരുടെ കരങ്ങൾ പ്രതിനിധീകരിക്കുന്നത്, അങ്ങയെ ശുശ്രൂഷിക്കുന്നതിലും മനുഷ്യസാധ്യമായ സ്നേഹത്തെ ദൃശ്യമാക്കുന്നതിലും ഒരിക്കലും പരിക്ഷീണിതരാകാത്ത സകലരുടെയും കരങ്ങളെയാണ്. അവരുടെ സ്നേഹമാണ്, കൂടുതൽ നന്മകൾ നിറഞ്ഞ ഒരു ലോകത്തിന്റെ സാധ്യതയെക്കുറിച്ചു ഞങ്ങളെ പ്രത്യാശാഭരിതരാക്കുന്നത്. അങ്ങു പ്രദാനം ചെയ്യുന്ന കൃപയോടു പൂർണ്ണമനസ്സോടെ തുറവുള്ളവരാകുക എന്നതുമാത്രമാണ് ഞങ്ങളുടെ നിയോഗം. കാരാഗൃഹങ്ങളുടെ കാവൽജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരെയും ജയിലുകളിൽ വ്യത്യസ്തങ്ങളായ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരെയും സവിശേഷമാംവിധം അങ്ങയുടെ സ്വർഗീയപിതാവിനു ഞങ്ങൾ പ്രാർത്ഥനയിൽ ഭരമേല്പിക്കുന്നു.*

*നമുക്ക് പ്രാർത്ഥിക്കാം*

*നിത്യപ്രകാശവും അസ്തമിക്കാത്ത പകലുമായ നല്ല ദൈവമേ, അങ്ങയുടെ മഹത്വത്തിനും മനുഷ്യദുഃഖദുരിതങ്ങളുടെ നിരവധിയിടങ്ങളിൽ യാതനയനുഭവിക്കുന്നവർക്കുംവേണ്ടി സ്വയം സമർപ്പിച്ചിരിക്കുന്നവരെ അങ്ങയുടെ അനുഗ്രഹങ്ങളാൽ നിറയ്ക്കണമേ. കർത്താവായ ക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന കേട്ടരുളേണമേ.* ആമേൻ